# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 37 ലക്കം ഓഗസ്റ്റ് 2019 വാർഷിക വരിസംഖ്യ ₹100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ

തന്റെ വിശ്വാസവും അനുസരണവുംവഴി

സ്വതന്ത്രമായി രക്ഷാകരകർമ്മത്തിൽ

പങ്കാളിയായ പരിശുദ്ധ അമ്മേ,

അങ്ങയെപ്പോലെ സുവിശേഷത്തിന്റെ

അനുസരണത്തിന് ഞങ്ങളെത്തന്നെ

വിധേയരാക്കുന്നതിന് അമ്മ

ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 37 ഏലിയാ - സ്ലീവാ, മൂശ ലക്കം ഓഗസ്റ്റ് 2019

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**മെർലിറ്റ് അഞ്ചാനിക്കൽ എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- യുഗാന്ത്യത്തിന്റെ മുന്നാസ്വാദനം ഏലിയാ സ്ലീവാ മൂശ കാലങ്ങളിൽ 5
- സഭ: ജീവിക്കുകയും ജീവൻ നല്കുകയും ചെയ്യുന്ന സമൂഹം 7
- സുഖം തേടി പോകുകിൽ 10
- പിതൃമൊഴി 12
- ദൈവത്തിന്റെ കണ്ണുകൾ 14
- മധുരഗീതമുയർത്താൻ നമുക്കാവുമോ 16
- കാവലാൾ 18
- ഇസഹാക്ക് 20
- മറുപുറം 22
- തിരുമുമ്പിലെ പൂമൊട്ട് 24
- ഓർഡിനറിയിലെ യാത്ര 26
- സെനക്കിൾ തരംഗം 28
- സാഹചര്യങ്ങളെ പഴിച്ച് നിഷ്ക്രിയരാകാതിരിക്കുക 29
- സ്ലീവാ: മഹത്ത്വത്തിന്റെ നാദവും കടപ്പാടുകളുടെ ഓർമ്മപ്പെടുത്തലും 30
- പ്രളയവും മാർക്കറ്റ് ചെയ്യപ്പെടുന്നു 32
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ

# നിത്യജീവൻ അവകാശമാക്കാൻ

ശാസ്ത്രലോകത്തിന് ഇന്നും അജ്ഞാതമായ അറിവുകളിൽ ഒന്നാണ് കത്തിജ്വലിക്കുന്ന സൂര്യൻ. 'ചാന്ദ്രയാൻ 2' വിക്ഷേപിച്ചശേഷം ISRO മേധാവികൾ സൂര്യനെക്കുറിച്ച് കൂടുതൽ അറിവുകൾ നേടാൻവേണ്ടിയുള്ള തങ്ങളുടെ പുതിയ സംരംഭമായ, 'ആദിത്യ-L1' പ്രഖ്യാപിച്ചുകഴിഞ്ഞു. അറിവുകൾ നേടുന്നത് നല്ലതുതന്നെ. എന്നാൽ അത് ഭൗതികമേഖലകളിൽമാത്രം ഒതുക്കിനിർത്തരുതെന്നു മാത്രം. പ്രാപഞ്ചികശക്തികളെക്കുറിച്ചുള്ള പഠനം പ്രപഞ്ചസ്രഷ്ടാവിൽ എത്തിനില്ക്കുന്നില്ലെങ്കിൽ അത് അപൂർണമായിരിക്കും.

"സൂര്യനെക്കാൾ ശോഭയേറിയതെന്തുണ്ട്? എന്നിട്ടും അതിന്റെ പ്രകാശം അസ്തമിക്കുന്നു" (പ്രഭാ 17,31) എന്ന പ്രഭാഷകവചനം ഓർമ്മിക്കാം. ഈ ലോകത്തിലുള്ളതെല്ലാം അസ്തമിക്കുന്ന യാഥാർത്ഥ്യങ്ങളാണെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. അതോടൊപ്പം, ഒരിക്കലും അവസാനിക്കാത്ത, നിത്യമായ ജീവിതം നമ്മെ കാത്തിരിപ്പുണ്ടെന്ന ചിന്തയും നമുക്കുണ്ടാവണം. ഇതു നമ്മെ ഓർമ്മിപ്പിക്കുന്ന ആരാധനാവത്സരകാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. മിശിഹായുടെ രണ്ടാം ആഗമനവും സ്ലീവായുടെ മഹത്ത്വവും അന്ത്യവിധിയുമൊക്കെയാണ് ഏലിയാ-സ്ലീവാ, മൂശക്കാലത്ത് നാം ധ്യാനവിഷയമാക്കുന്നത്. ഈലോകജീവിതത്തിനാവശ്യമായതെല്ലാം നേടുവാൻ തത്രപ്പെടുന്നതിനിടയിൽ നിത്യമായ ജീവൻ അവകാശമാക്കാനാവശ്യമായതു ചെയ്യാൻ നാം മറക്കരുത്.

സൂര്യൻ ഇരുണ്ടുപോവുകയും ചന്ദ്രൻ പ്രകാശം തരാതിരിക്കുകയും നക്ഷത്രങ്ങൾ ആകാശത്തുനിന്നു നിപതിക്കുകയും ആകാശശക്തികൾ ഇളകുകയും ചെയ്യുന്ന നാളിൽ, സ്ലീവായുടെ അടയാളത്തോടും ശക്തിയോടും മഹത്ത്വത്തോടുംകൂടെ വാനമേഘങ്ങളിൽ മനുഷ്യപുത്രൻ പ്രത്യക്ഷനാകുമ്പോൾ മനോവിശ്വാസത്തോടെ അവിടുത്തെ എതിരേല്ക്കാനുള്ള യോഗ്യത ജീവിതകാലത്ത് നാം നേടിയെടുക്കണം. പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ കൂദാശാജീവിതവും അതിന്റെ ഫലമായ സത്കൃത്യസമ്പന്നമായ സ്നേഹജീവിതവും സ്വായത്തമാക്കുമ്പോൾ നിത്യജീവിതത്തിന്റെ വാതിലുകൾ നമുക്കായി തുറക്കപ്പെടും. ആ നാളുകളെ പ്രതീക്ഷയോടെ കാത്തിരിക്കാൻ ഈ ആരാധനാകാലഘട്ടം നമ്മെ സഹായിക്കട്ടെ.


**ചീഫ് എഡിറ്റർ**

# യുഗാന്ത്യത്തിന്റെ മുന്നാസ്വാദനം ഏലിയാ സ്ലീവാ, മൂശ കാലങ്ങളിൽ

റവ. ഫാ. ജോസഫ് കുറ്റിയാങ്കൽ
പാലാ രൂപത

പൗരസ്ത്യസുറിയാനി ആരാധനക്രമത്തിന്റെ ഭാഗമായ പഞ്ചാംഗത്തിൽ മൂന്ന് വ്യത്യസ്ത കാലങ്ങളായി കാണപ്പെടുന്ന കാലയളവാണ് ഏലിയാ-സ്ലീവാ-മൂശെ കാലങ്ങൾ. ഈ കാലങ്ങളിലെ പ്രാർത്ഥനകളും ഗീതങ്ങളും പൊതുവേ സമാനമായ വിഷയങ്ങളാണ് അവതരിപ്പിക്കുന്നത്. രൂപാന്തരീകരണ സമയത്ത് ഈശോയോടൊപ്പം ഏലിയായുടെയും മൂശെയുടെയും സാന്നിധ്യം ഉണ്ടായിരുന്നു എന്നുള്ള വസ്തുതയെ അടിസ്ഥാനമാക്കിയാണ് ഈ കാലങ്ങൾക്ക് പേരുകൾ നല്കിയിരിക്കുന്നത്. കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തിനു മുമ്പ് അവിടുത്തെ അടയാളമായ സ്ലീവാ വാനമേഘങ്ങളിൽ പ്രത്യക്ഷമാകും എന്നതാണ് ക്രൈസ്തവരുടെ വിശ്വാസവും പ്രതീക്ഷയും. സ്ലീവാ ഈശോമിശിഹായുടെ - ക്രൂശിതനും ഉത്ഥിതനുമായ കർത്താവിന്റെ പ്രതീകമാണ്. സ്ലീവാ ഈശോയെത്തന്നെയാണ് സൂചിപ്പിക്കുന്നത്. അന്ത്യവിധിയുടെ സമയത്ത് ഈശോയോടൊപ്പം ഏലിയായും മൂശയും സന്നിഹിതമാകും എന്നുള്ളതും സഭയുടെ ആദിമനൂറ്റാണ്ടുമുതലുള്ള വിശ്വാസമാണ്. അന്ത്യവിധിയുടെ സമയത്ത് ദൈവജനം തങ്ങളുടെ പ്രവാചകദൗത്യം പൂർത്തീകരിച്ചോ എന്ന് പരിശോധിക്കുന്നത് ഏലിയായും, നിയമം അനുസരിച്ചോ എന്ന് പരിശോധിക്കുന്നത് മൂശയും ആയിരിക്കും എന്നാണ് സഭയുടെ വിശ്വാസം. അതേതുടർന്ന് വിധിയാളനായ മിശിഹാ വിധി നടത്തുകയും ചെയ്യും.

ഉയിർപ്പുതിരുനാളിന്റെ തീയതിയെ ആശ്രയിച്ചാണ് ഏലിയാ കാലത്തിന്റെ കാലയളവ് നിശ്ചയിക്കുന്നത്. വി. സ്ലീവായുടെ തിരുനാൾ ആഘോഷിക്കുന്ന സെപ്റ്റംബർ 14-നു മുമ്പ് ഏലിയാക്കാലം ആരംഭിച്ചിരിക്കണം എന്നതാണ് വ്യവസ്ഥ. ഈ തിരുനാളിനുശേഷം വരുന്ന ഞായറാഴ്ച സ്ലീവാ ഒന്നാം ഞായർ ആയിരിക്കണം എന്നുള്ളത് നിർബന്ധമായ കാര്യമാണ്. എങ്കിലും ചില വർഷങ്ങളിൽ സ്ലീവായുടെ തിരുനാളിന് മുമ്പുവരാൻ സാധ്യത ഉണ്ട്. അങ്ങനെ സംഭവിക്കുകയാണെങ്കിൽ കൈത്താക്കാലത്തിന്റെ അവസാനത്തെ രണ്ട് ആഴ്ചകൾ - അതായത് ആറും ഏഴും ആഴ്ചകൾ ഒന്നായി പരിഗണിച്ച് ആഘോഷിക്കുന്നു.



**ലോകാവസാനവും അന്ത്യവിധിയും**

ദൈവം നിശ്ചയിച്ചിരിക്കുന്ന സമയത്ത് ലോകം അവസാനിക്കുകയും ഈശോമിശിഹാ തന്റെ ന്യായാസനത്തിങ്കൽ ആഗതനാവുകയും അവസാനത്തെ വിധി നടത്തുകയും ചെയ്യുന്നു. ഭാവി സംഭവത്തെ മുൻകൂട്ടി അനുസ്മരിക്കുന്ന കാലഘട്ടമാണ് ഏലിയാ സ്ലീവാ മൂശക്കാലങ്ങൾ. അതായത് ഭാവി വർത്തമാനത്തിലേക്ക് പ്രതീകാത്മകമായി പ്രാർത്ഥനകളിലൂടെ കൊണ്ടുവരുകയാണ്. ലോകാവസാനത്തോടനുബന്ധിച്ച് നാശത്തിന്റെ പുത്രന്റെ വരവും അവന്റെ താല്ക്കാലിക വിജയവും സംഭവിക്കുമെന്ന് സഭ കരുതുന്നു. അവസാനകാലത്ത് പ്രത്യക്ഷപ്പെടുന്ന നാശത്തിന്റെ പുത്രൻ മനുഷ്യവംശത്തെ വഴിതെറ്റിക്കും. അവൻ ദൈവാലയത്തിന്റെ മദ്ബഹായിൽ പ്രവേശിച്ച് ബലിപീഠവും സ്ലീവായും നശിപ്പിക്കും. പൗലോസ് ശ്ലീഹാ തെസലോനിക്കക്കാർക്ക് എഴുതിയ രണ്ടാം ലേഖനത്തിൽ നാശത്തിന്റെ പുത്രനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ദൈവത്തിന്റെ ആലയത്തിൽ നാശത്തിന്റെ പുത്രൻ ഇരിക്കുമെന്നും കർത്താവീശോമിശിഹാ തന്റെ വായുടെ ശ്വാസംകൊണ്ട് അവനെ നശിപ്പിക്കുമെന്നും ശ്ലീഹാ പറയുന്നു. നാശത്തിന്റെ പുത്രന്റെമേൽ വിജയം വരിക്കുന്ന ഈശോ തന്റെ അന്ത്യവിധി നിർവഹിക്കും. നന്മയും തിന്മയും പ്രവർത്തിച്ചവരെ വ്യത്യസ്തഗണങ്ങളായി അവൻ വേർതിരിക്കുകയും നല്ലവർക്ക് നിത്യസൗഭാഗ്യവും ദുഷ്ടർക്ക് നിത്യനരകാഗ്നിയും അവിടുന്ന് വിധിക്കുകയും ചെയ്യും.

**മഹത്ത്വീകരിക്കപ്പെട്ട സ്ലീവാ**

ലോകാവസാനനാളിൽ അന്ത്യവിധി നടത്താൻ കർത്താവ് വാനമേഘങ്ങളിൽ ആഗതനാകുന്നതിനു മുമ്പായി വി. സ്ലീവാ ആകാശത്ത് പ്രത്യക്ഷപ്പെടും. വി. സ്ലീവാ ഈശോയുടെ പ്രതീകമാണ്. പീഡാസഹനത്തിലൂടെയും കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും മനുഷ്യവംശത്തിനു രക്ഷ നല്കിയ നമ്മുടെ കർത്താവിന്റെ പ്രതീകം. സഭയുടെ ആരംഭകാലം മുതലേ ഈ പ്രതീകം ഉപയോഗിച്ചിരുന്നു. പിശാചിന്റെ തന്ത്രങ്ങളിൽനിന്നും രക്ഷ നേടുവാനായി വി. സ്ലീവായുടെ അടയാളം നെറ്റിയിലും നെഞ്ചിലും ദൈവജനം വരച്ചിരുന്നു.

സ്ലീവാക്കാലത്തിലെ പ്രാർത്ഥനകളിൽ സ്ലീവായുടെ ശക്തിയും നേട്ടവും വ്യക്തമായി പറയുന്നുണ്ട്. സ്ലീവായിലൂടെയാണ് മനുഷ്യരായ നമ്മുടെ സ്വഭാവത്തിന് ഉയിർപ്പ് കിട്ടിയതും മനുഷ്യവംശം സഹനത്തിന് അധീനരായി തീർന്നതും. രക്ഷാകരമായ ഈ അനുഭവത്തിനു കാരണം ഈശോയുടെ മരണവും ഉയിർപ്പുമാണ്. സ്ലീവായിൽ നമ്മുടെ കർത്താവിന്റെ വലിയ ശക്തി ഒളിഞ്ഞിരിക്കുന്നതായും സ്ലീവാവഴി കർത്താവ് കൊലയാളിയായ മരണത്തെ സംഹരിച്ചതായും അതുവഴി മനുഷ്യവംശത്തിന് പ്രതീക്ഷ ലഭിച്ചതായും ഈ കാലഘട്ടങ്ങളിലെ കീർത്തനങ്ങളിലൂടെ സഭ അനുസ്മരിക്കുന്നു.

**ഓർമ്മത്തിരുനാളുകൾ**

ഏലിയാക്കാലത്തിലെ മൂന്നാമത്തെ വെള്ളിയാഴ്ച പാത്രിയാർക്കീസുമാരെയും അവസാനവെള്ളി ഏലിയാ പ്രവാചകനെയും അനുസ്മരിക്കുന്നു. വ്യക്തിസഭകളുടെ തലവന്മാരായ പാത്രിയർക്കീസുമാർ സഭയുടെ വളർച്ചയ്ക്കും ദൈവരാജ്യത്തിന്റെ പ്രഘോഷണത്തിനുമായി അധ്വാനിച്ചവരാണ്. തങ്ങളുടെ ആഴമേറിയ വിശ്വാസജീവിതത്തിലൂടെ ഈശോയെ ലോകത്തിൽ പ്രതിബിംബിപ്പിച്ചവരാണ് അവർ. അവരെ അനുകരിച്ചുകൊണ്ട് വിശുദ്ധിയിൽ ജീവിച്ച് ഈശോയുടെ രണ്ടാമത്തെ ആഗമനത്തിൽ അവിടുത്തെ യോഗ്യതയോടെ സ്വീകരിക്കുവാൻ ഈ അനുസ്മരണം സഹായിക്കും. ഏലിയാക്കാലത്തിലെ അവസാനവെള്ളി ഏലിയാ പ്രവാചകനെ അനുസ്മരിക്കുന്നു. ഈ ലോകത്തിൽനിന്നും സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ഏലിയാപ്രവാചകൻ രൂപാന്തരീകരണസമയത്ത് കർത്താവിനോടൊപ്പം പ്രത്യക്ഷപ്പെട്ടതുപോലെ രണ്ടാമത്തെ ആഗമനത്തിലും പ്രത്യക്ഷമാകുമെന്ന് സഭ പ്രത്യാശിക്കുന്നു. ദൈവികസന്ദേശങ്ങൾ കലർപ്പു കൂടാതെ ഏലിയാ പ്രവാചകൻ നല്കിയതുപോലെ ക്രൈസ്തവർ തങ്ങളുടെ പ്രവാചകദൗത്യം ഈ ലോകത്തിൽ നിർവഹിക്കുവാൻ ഈ അനുസ്മരണം പ്രചോദനമാകും.

# സഭ: ജീവിക്കുകയും ജീവൻ നല്കുകയും ചെയ്യുന്ന സമൂഹം

മല്പാൻ റവ. ഫാ. മാത്യു വെള്ളാനിക്കൽ

അന്ത്യത്താഴസമയത്ത് ഈശോ ശിഷ്യരോടൊപ്പം ആയിരുന്നപ്പോൾ നടത്തിയ അന്ത്യ പ്രഭാഷണം അവസാനിപ്പിക്കുന്നത് തന്റെ പുരോഹിതപ്രാർത്ഥനകൊണ്ടാണ് (യോഹ 17,1-26). ആ പ്രാർത്ഥന ആരംഭിക്കുന്നത് പിതാവായ ദൈവത്തെ മഹത്ത്വപ്പെടുത്തിക്കൊണ്ടും അപ്രകാരം ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ തന്നെ മഹത്ത്വപ്പെടുത്തണമെന്ന് അപേക്ഷിച്ചു കൊണ്ടുമാണ്: "പിതാവേ, സമയമായിരിക്കുന്നു; പുത്രൻ അവിടുത്തെ മഹത്ത്വപ്പെടുത്തേണ്ട തിന്, പുത്രനെ അങ്ങ് മഹത്ത്വപ്പെടുത്തണമേ!" (യോഹ 17,1). ഈ മഹത്ത്വപ്പെടലിന്റെ ആത്യന്തികലക്ഷ്യം എല്ലാവർക്കും ജീവൻ നല്കുക എന്നതാണ് (17,2). "എന്തെന്നാൽ, അവിടുന്ന് അവനു നല്കിയിട്ടുള്ളവർക്കെല്ലാം അവൻ നിത്യജീവൻ നല്കേണ്ടതിന്, എല്ലാവരുടെയുംമേൽ അവന് അധികാരം നല്കിയിരിക്കുന്നു" (17,2). അതുകൊണ്ട് ഈശോ രൂപംകൊടുക്കുന്ന സഭ ഈ നിത്യജീവൻ ആസ്വദിക്കുന്നവരുടെയും അത് മറ്റുള്ളവർക്കു നല്കുന്നവരുടെയും സമൂഹമായിരിക്കണം.



### ജീവൻ ആസ്വദിക്കുന്ന സമൂഹം

ഈശോ വന്നത് മനുഷ്യർക്കു ജീവൻ നല്കുവാനാണ്: "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധിയായി ഉണ്ടാകുവാനുമാണ്'' (യോഹ 10,10). ശാരീരികമായി ജീവനുള്ളവരുടെ അടുത്തേക്കാണല്ലോ ഈശോ വന്നത്. അപ്പോൾ ഈശോ നല്കുന്നത് നിത്യജീവനാണ്. ഈ നിത്യജീവൻ എന്താണെന്ന് ഈശോ ഈ പ്രാർത്ഥനയിൽത്തന്നെ വ്യക്തമാക്കുന്നുണ്ട്: "ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച ഈശോമിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ" (17,3). ബൈബിളിൽ ഒരാളെ അറിയുക എന്നു പറഞ്ഞാൽ അയാളെ അറിയുകയും സ്നേഹിക്കുകയും അയാളുമായി ഐക്യപ്പെടുകയും

ചെയ്യുക എന്നാണർത്ഥം. വി. മത്തായിയുടെ സുവിശേഷത്തിൽ യൗസേപ്പ് തന്റെ ഭാര്യയായ മറിയത്തെ അറിഞ്ഞില്ല എന്നു പറയുന്നുണ്ടല്ലോ (മത്താ 1,25). അതുകൊണ്ട് 'നിത്യജീവൻ' ഉണ്ടാവണമെങ്കിൽ സത്യദൈവമായ പിതാവിനെയും അവിടുത്തെ പുത്രനായ ഈശോമിശിഹായെയും അറിയുകയും സ്നേഹിക്കുകയും അവരുമായി ഐക്യപ്പെടുകയും ചെയ്യണം. ഈ ദൈവൈക്യമാണ് നിത്യജീവന്റെ അന്തഃസത്ത.

## ദൈവൈക്യത്തിൽ വളരുന്ന സമൂഹം

ഇപ്രകാരം ദൈവൈക്യത്തിൽ വളരുന്ന സമൂഹമാകുവാനാണ് സഭാംഗങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. പിതാവിനോടും പുത്രനോടും ഐക്യപ്പെടുമ്പോൾ തീർച്ചയായും അവിടെ പരിശുദ്ധാത്മാവുമുണ്ടാവുമല്ലോ. അതുകൊണ്ട് ത്രിത്വൈകദൈവവുമായുള്ള കൂട്ടായ്മയിൽ വളരുന്ന സമൂഹമാണ് സഭ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസാ സ്വീകരിക്കുമ്പോൾ ഈ ത്രിത്വൈകകൂട്ടായ്മയിലേക്ക് നാം പ്രവേശിപ്പിക്കപ്പെടുകയാണ്. ഈ ത്രിത്വകൂട്ടായ്മയാണ് സഭാജീവിതത്തിന്റെ അന്തഃസത്ത. ഈ ത്രിത്വകൂട്ടായ്മയുടെ അഥവാ ദൈവൈക്യത്തിന്റെ ആഘോഷവും അതിൽ വളരാനുള്ള മാർഗ്ഗവുമാണ് പരിശുദ്ധ കുർബാനയർപ്പണം. "നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ" എന്ന ആശംസ (2 കൊറി 13,13) സഭയിലെ എല്ലാ കുർബാനയാഘോഷങ്ങളിലുമുണ്ട്. നമ്മുടെ സീറോ മലബാർ കുർബാനയിൽ ഇത് രണ്ടു പ്രാവശ്യം ചൊല്ലുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് കുർബാനയെ 'ജീവന്റെ അപ്പം' എന്ന് ഈശോ വിശേഷിപ്പിക്കുന്നത് (യോഹ 6). അതുകൊണ്ട് കുർബാനയാഘോഷത്തിൽ ശരിയായി പങ്കുചേർന്ന് ഈ ദൈവൈക്യത്തിൽ വളരാൻ നാം പരിശ്രമിക്കണം.

## ഈശോയിൽ ഒന്നായി ജീവിക്കുന്ന സമൂഹം

"അങ്ങ് അയച്ച ഈശോമിശിഹായെയും അറിയുക" എന്നതാണു നിത്യജീവൻ എന്നു പറയുന്നതുകൊണ്ട് ത്രിത്വൈക ദൈവവുമായുള്ള ഐക്യത്തിൽമാത്രം വളർന്നാൽ പോരാ എന്നു മനസ്സിലാക്കാം. പിതാവായ ദൈവം അയച്ചവനെയും അഥവാ ദൈവമനുഷ്യനായ ഈശോയെയും അറിയണം, സ്നേഹിക്കണം, അവിടുന്നുമായി ഐക്യപ്പെടുകയും വേണം. ഈശോയെ അറിയുക എന്നതിന്റെ അർത്ഥം മനുഷ്യനെ അറിയുക എന്നാണ്. കാരണം മനുഷ്യത്വം സ്വീകരിച്ച ദൈവമാണ് ഈശോ. അതുകൊണ്ട് എല്ലാ മനുഷ്യരെയും സ്നേഹിക്കുന്നവനാണ് ഈശോയെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നവൻ. ദൈവം സ്നേഹിക്കുന്ന എല്ലാ മനുഷ്യരെയും നാമും സ്നേഹിക്കണം. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്" (മത്താ 25,40) എന്ന ഈശോയുടെ വാക്കുകൾ ഇതാണു നമ്മെ ഓർമ്മിപ്പിക്കുന്നത്. ഈ മനുഷ്യസ്നേഹം നമുക്കു സാദ്ധ്യമാകുന്നത് നാം ഈശോയിൽ പരസ്പരം ഒന്നായിത്തീരുമ്പോഴാണ്. അപ്രകാരം ഈശോയിൽ നാം ഒന്നായിത്തീരുന്നതും പരിശുദ്ധ കുർബാനയാഘോഷത്തിലൂടെയാണ്. ഈശോയുടെ ശരീരരക്തങ്ങൾ സ്വീകരിക്കുന്നതിലൂടെ നാം ഈശോയിൽ പരസ്പരം ഒന്നായിത്തീരുകയാണ്.

## ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ജീവിക്കുന്ന സമൂഹം

"നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം" എന്ന ചോദ്യവുമായി ഈശോയെ സമീപിച്ച നിയമജ്ഞനോട്, ഉത്തരമായി അവിടുന്നു പറഞ്ഞത്, "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കണം; നിന്റെ അയൽക്കാരനെ നിന്നെപ്പോലെയും" (ലൂക്കാ 10,27)



എന്നാണ്. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളരുന്നതിലൂടെയാണ് നമുക്കു നിത്യജീവൻ സ്വന്തമാക്കാൻ കഴിയുന്നത്. 'അയൽക്കാരൻ' എന്നു പറഞ്ഞാൽ 'ഞാൻ സ്നേഹിക്കേണ്ട മനുഷ്യൻ' എന്നാണർത്ഥം. എല്ലാ മനുഷ്യരും അപ്രകാരം സ്നേഹിക്കപ്പെടേണ്ട മനുഷ്യരാണ്. എനിക്കുള്ളത് ഇല്ലാത്ത മനുഷ്യനാണ് എന്റെ അയൽക്കാരൻ. പണമുള്ളവന് പണമില്ലാത്തവൻ അയൽക്കാരൻ; ആരോഗ്യമുള്ളവന് ആരോഗ്യമില്ലാത്തവൻ അയൽക്കാരൻ; അറിവുള്ളവന് അറിവില്ലാത്തവൻ അയൽക്കാരൻ; സന്തോഷമുള്ളവന് സന്തോഷമില്ലാത്തവൻ അയൽക്കാരൻ. "ആരാണ് എന്റെ അയൽക്കാരൻ?" എന്നു ചോദിച്ച നിയമജ്ഞന് ഈശോ കൊടുത്ത മറുപടി 'അർദ്ധപ്രാണനായി കിടന്നവന്' 'സമറിയാക്കാരൻ' കരുണതോന്നി ചെയ്തതു പോലെ ചെയ്യുവാനാണ് (ലൂക്കാ 10,37). ശത്രുമിത്രഭേദമില്ലാതെ എല്ലാ മനുഷ്യരെയും അയൽക്കാരായി കാണുവാനും സ്നേഹിക്കുവാനും നമുക്കു കഴിയണം. അപ്രകാരമുള്ള സ്നേഹം പ്രാവർത്തികമാക്കുന്ന സമൂഹമാണ് ദൈവൈക്യത്തിലും ത്രിത്വകൂട്ടായ്മയിലും ജീവിക്കുന്ന സമൂഹം.

**ജീവൻ നല്കുന്ന സമൂഹം**

എല്ലാ മനുഷ്യർക്കും ജീവനുണ്ടാകുവാൻവേണ്ടി ഈശോ ഇന്ന് അതു നിർവഹിക്കുന്നത് സഭയിലൂടെയാണ്. അതു നിർവഹിക്കുവാൻ സഭയിലൂടെ മാത്രമേ അവിടുത്തേക്കു സാധിക്കുകയുള്ളൂ. പക്ഷേ, അപ്രകാരം സഭയിലൂടെ മനുഷ്യകുലത്തിനു ജീവൻ നല്കുവാൻ ഈശോയ്ക്കു സാധിക്കണമെങ്കിൽ സഭാംഗങ്ങളായ നാം, ദൈവത്തോടും പരസ്പരവുമുള്ള സ്നേഹവും കൂട്ടായ്മയും ജീവിക്കുന്നവരാകണം. അതിനുള്ള ശക്തിയാർജ്ജിക്കുവാനുള്ള ഉറവിടമായ പരിശുദ്ധ കുർബാനാനുഭവം കൂട്ടായ്മയുടെ ഒരു അനുഭവമാക്കിത്തീർക്കണം. അപ്രകാരം പരിശുദ്ധ കുർബാനയിൽനിന്നും ശക്തിപ്രാപിച്ച്, ദൈവമനുഷ്യകൂട്ടായ്മയിൽ നവീകരിക്കപ്പെട്ട് സഭാജീവിതം നയിക്കുവാൻ നമുക്കു പരിശ്രമിക്കാം. അങ്ങനെ, ജീവിക്കുകയും ജീവൻ നല്കുകയും ചെയ്യുന്ന ഒരു സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ നമുക്കു കഴിയണം.

# സുഖം തേടി പോകുകിൽ...

**സ്റ്റെഫി മംഗലത്തുകുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

കഴിഞ്ഞുപോയ പ്രളയം, തുർച്ചയായിവന്ന കഠിനവെയിൽ, പെയ്യാൻ മടിച്ച ഇടവപ്പാതി. എല്ലാവരും ഏറെ പ്രാർത്ഥിച്ചു നല്ല കാലാവസ്ഥയ്ക്കുവേണ്ടി. വീണ്ടും തിമിർത്തു പെയ്യുന്ന കാലവർഷത്തിനു മുൻപിൽ പകച്ചുനില്ക്കുമ്പോൾ കേട്ട ഒരു ശബ്ദം ഏറെ ചിന്തിപ്പിച്ചു. "വെള്ളം പൊങ്ങിയിരുന്നുവെങ്കിൽ ഒരു ദിവസമെങ്കിലും അവധി കിട്ടുമായിരുന്നു".

എനിക്ക് സുഖവും സ്വാതന്ത്ര്യവും വേണം എന്നാഗ്രഹിക്കുന്നത് തെറ്റല്ല, അതനുഭവിക്കാൻ എനിക്കവകാശമുണ്ട്. സുഖവും സ്വാതന്ത്ര്യവും എനിക്കുമാത്രം മതി എന്നുപറഞ്ഞാൽ അത് സ്വാർത്ഥതയാകും. എന്റെ സുഖവും സ്വാതന്ത്ര്യവും അപരന് ദുഃഖം സമ്മാനിക്കുന്നതാണെങ്കിൽ ക്രൂരതയെന്നല്ലേ അതിന് പേര് വിളിക്കേണ്ടത്? അന്യന്റെ സ്വസ്ഥതയെ ഹനിക്കുന്നതൊന്നും ഞാൻ ആഗ്രഹിക്കുകപോലും ചെയ്യരുത്. മരവിച്ചുപോയ മനസ്സാക്ഷിയിൽനിന്നാണോ സ്വാർത്ഥതനിറഞ്ഞ ഹൃദയത്തിൽനിന്നാണോ അതോ യാതൊന്നിനെയും സാരമായി കണക്കാക്കാത്ത മനസ്സിൽനിന്നാണോ ഈ സംഭാഷണശകലം വന്നതെന്നു മനസ്സിലാക്കുവാൻ പ്രയാസം.

സുവിശേഷത്തിലെ സുവർണ്ണനിയമം– "മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അതുപോലെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ" (ലൂക്കാ 6:31) – അക്ഷരംപ്രതി പാലിക്കേണ്ടവരാണല്ലോ നമ്മൾ മിശിഹാനുയായികൾ. ആദർശ



ത്തിനനുസരിച്ച് പെരുമാറാനായില്ലെങ്കിലും സഭയും സമൂഹവും നിജപ്പെടുത്തിയിരിക്കുന്ന നല്ലവഴിയിൽ നടക്കുവാൻ നമുക്ക് കടമയുണ്ട്. വരുവാനിരിക്കുന്ന വിധിയാളന്റെ മുമ്പിൽ നിൽക്കേണ്ടിവരുന്ന നിമിഷത്തെക്കുറിച്ച് വല്ലപ്പോഴുമെങ്കിലും ഓർത്താൽ നമ്മുടെ ജീവിതശൈലി കുറെക്കൂടി മനോഹരമാകുമായിരുന്നു.

'ജീവിക്കുവാനുള്ള' വ്യഗ്രതയിൽ നെട്ടോട്ടമോടുമ്പോൾ ജീവിതം തന്നവന്റെയും കൂടെ ജീവിക്കുന്നവരുടെയും നേർക്കുള്ള കടമകൾ നാം മറന്നുപോകുന്നുണ്ടോ? ദൈവാലയത്തിലെ തിരുക്കർമ്മങ്ങളും തിരുസഭ നിർദ്ദേശിക്കുന്ന വിശ്വാസപരിശീലനവും 'നമ്മുടെ സമയം' കവർന്നെടുക്കുന്നതായും 'വിരസമായും' അനുഭവപ്പെടുന്നുവെങ്കിൽ നിത്യമായി തമ്പുരാനോടൊത്തായിരിക്കാൻ നമുക്കെങ്ങനെ സാധിക്കും.

കടമുള്ള ദിവസങ്ങളും ഉപവാസദിനങ്ങളും 'മറന്നുപോകുകയും' നോമ്പിന്റെ ദിനങ്ങളിലും വെള്ളിയാഴ്ചകളിലും മാംസഭക്ഷണം ഒഴിവാക്കാനാവാത്തതായി മാറുകയും ചെയ്തിരിക്കുന്ന ഒരു ന്യൂനപക്ഷം നമ്മൾ നസ്രാണികളുടെ ഇടയിലും വളർന്നുവന്നുകൊണ്ടിരിക്കുന്നു.

വരുംതലമുറയ്ക്കുമുമ്പിലും മറ്റു മനുഷ്യരുടെ മുമ്പിലും നല്ല മാതൃകകളാകാൻ സാധിച്ചില്ലെങ്കിൽ നമ്മുടെ ജീവിതത്തിന് എന്തർത്ഥമാണുള്ളത്? നൽകാതിരിക്കുന്ന നല്ല മാതൃകകളും നൽകുന്ന ദുർമാതൃകകളും ഈശോയെ തള്ളിപറയുന്നതിലേക്കല്ലേ നമ്മെ നയിക്കുന്നത്? ഈശോയുടെ വചനം നമ്മുടെ കാതുകളിൽ നിരന്തരം മുഴങ്ങട്ടെ. "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും" (ലൂക്കാ 12:8–9). ഈശോയുടെ വലത്തുവശത്ത് സ്ഥാനംപിടിക്കാൻ നമ്മുടെ ചിന്തകളെ നിർമ്മലമാക്കാം, വാക്കുകളെ വിശുദ്ധമാക്കാം, പെരുമാറ്റത്തെ പരസ്നേഹപൂരിതമാക്കാം.

## Spirituality Centre Programme

**September**

| | |
|---|---|
| 08-13 | Liturgical Retreat |
| 14 | School of Bible |
| 21 | Recollection for Oblates |
| 24-25 | Cenacle Gathering (Sodales & Aspirants) |
| 25 | Family Day |

**October**

| | |
|---|---|
| 05 | Social Animators' Meet |
| 12 | School of Bible |
| 15-16 | Cenacle Gathering (Sodales & Aspirants) |
| 19 | Recollection for Oblates |

# ജാഗ്രതൈ

**മെർലിറ്റ് അഞ്ചാനിക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്




"കുരിശിലൂടെ ഈശോ എപ്രകാരം സാത്താനെ ജയിച്ചുവോ അപ്രകാരം നമ്മിൽ ജീവിക്കുന്ന ഈശോ നമ്മിലൂടെയും നമ്മുടെ ജീവിതത്തിലൂടെയും നമുക്കായി സാത്താനെ തോൽപ്പിക്കും" (+ G.G).

ലോകത്തിൽ തിന്മയുടെ ആധിപത്യം മുമ്പെന്നതിനേക്കാൾ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. പ്രപഞ്ചസ്രഷ്ടാവായ ദൈവത്തിന്റെ നന്മയുടെ പ്രസരണങ്ങൾ നമ്മെ വലയംചെയ്യുമ്പോഴും നന്മയായതിനെ മുറുകെ പിടിക്കാനും തിന്മയെ അകറ്റി നിർത്താനും കഴിയാത്തവിധം സാത്താൻ തന്റെ പിടി മുറുക്കിയിരിക്കുന്നു. പരസ്പരം വെറുക്കുകയും വേട്ടയാടുകയും വിധിക്കുകയും കാരുണ്യമില്ലാതെ കൊല നടത്തുകയും ജീവിതത്തിന്റെ ഏതു മേഖലയിലും സത്യവും നീതിയും നിരാകരിക്കപ്പെടുകയും ചെയ്യുന്ന വലിയ വിപത്സന്ധിയാണിന്നുള്ളത്.

ദൈവത്തിന് പ്രഥമസ്ഥാനം നൽകാത്ത ജീവിതത്തിൽ സ്വാർത്ഥതയും അഹങ്കാരവും വിഷലിപ്തമാക്കുന്ന ചിന്തകളും പ്രവൃത്തികളുമാണ് ഒരുവനെ നയിക്കുന്നത്. ആർക്കും ആരെയും ഭയമില്ല. എന്തൊക്കെ സംഭവിച്ചാലും ആരൊക്കെ ബലിയാടുകളായാലും 'എനിക്കെന്തു ചേതം' എന്ന കൂസലില്ലായ്മയുടെ, സ്നേഹ നിരാസത്തിന്റെ മനോഭാവങ്ങളാണ് ഇക്കാലത്ത് നല്ലൊരു ശതമാനം മനുഷ്യമനസ്സുകളെയും ഭരിക്കുന്നതെന്ന് തോന്നിപ്പോകുന്നു. പ്രതീക്ഷിക്കുന്നത് ലഭിച്ചില്ലെങ്കിൽ, ആഗ്രഹിക്കുന്നകാര്യം സാധിച്ചില്ലെങ്കിൽ തടസ്സമാണെന്നു തോന്നുന്ന വ്യക്തികളെയും സാഹചര്യങ്ങളെയും ഇല്ലാതാക്കുവാൻ ഏതറ്റംവരെയും പോകുവാൻ ആർക്കും ഒരു മടിയുമില്ലാതായിരിക്കുകയാണ്. 'എനിക്കില്ലാത്തത് നിനക്കും വേണ്ടാ' എന്ന തികച്ചും സ്വാർത്ഥവും സങ്കുചിതവുമായ ചിന്തകളാണ് കൊലപാതകങ്ങൾവരെ നടത്തുവാൻ ചിലരെ പ്രേരിപ്പിക്കുന്നത്. സ്വന്തം തെറ്റുകളെ മറയ്ക്കുവാൻ ചിലർ ആയുധമാക്കുന്നതും ഇത്തരം വ്യക്തിഹത്യകളും സ്വഭാവഹത്യകളുമാണ്. കുടുംബങ്ങളെ മാത്രമല്ല, സമൂഹത്തെയും മതസംവിധാനങ്ങളെയും ഇത്തരത്തിൽ തകർത്തു തരിപ്പണമാക്കാൻ സാത്താൻ സർവ്വസന്നാഹങ്ങളോടും കൂടെ നിലയുറപ്പിച്ചിരിക്കുന്നു.

ദൈവത്തിന് കീഴ്പ്പെടുന്നതിന്റെ ഭാഗമാണ് സാത്താനെ എതിർത്തു നില്ക്കുക എന്നത്. ക്രൈസ്തവജീവിതം ഒരേസമയം സാത്താനിൽ നിന്നുള്ള അകൽച്ചയും ദൈവത്തോടുള്ള അടുപ്പവുമാണ്. അതുകൊണ്ടാണ് ദൈവത്തിനു വിധേയരായിരിക്കുവാനും പിശാചിനെ എതിർക്കുവാനും യാക്കോബ്ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നത്. "സാത്താനെ എതിർക്കുമ്പോൾ അവൻ നമ്മിൽനിന്ന് അകന്നുപൊയ്ക്കൊള്ളും" (യാക്കോ 4,7). പരീക്ഷണങ്ങളുണ്ടായാലും ദൈവത്തോടു ചേർന്നുനില്ക്കുന്നവർക്ക് അതിനെ അതിജീവിക്കുന്നതിനുള്ള കൃപ അവിടുന്നു നൽകുകതന്നെ ചെയ്യും.

വളക്കൂറുള്ള മണ്ണിൽ വളരുന്ന വൃക്ഷത്തിന്റെ വേരുകൾ ആഴത്തിലേക്ക് താഴ്ന്നിറങ്ങുന്നതുപോലെയാണ് ദുഷ്ടത – പാപം – വേരുപാകിയ മനസ്സിന്റെ അവസ്ഥയും. ദൈവവചനമാകുന്ന മഴുകൊണ്ട് അതിനെ വെട്ടിമുറിച്ചുകളയണം. സ്നേഹംകൊണ്ട് ഉഴുതുമറിച്ച് ആഴ്ന്നുകിടക്കുന്ന ചെറുതും വലുതുമായ വേരുകളെ, പിഴുതുകളാൻ തയ്യാറാകണം. എങ്കിൽ മാത്രമേ പിശാചിന്റെ തടവറയിൽനിന്നും ഹൃദയങ്ങളെ സ്വതന്ത്രമാക്കാൻ നമുക്കു കഴിയൂ. തിന്മയുടെ വിത്തു മുളച്ചുവളരാൻ മനസ്സിനെയും ഹൃദയത്തെയും അനുവദിക്കാതിരിക്കാം. എപ്പോഴും ദൈവത്തോടു ചേർന്നുനില്ക്കുന്നവരാകുവാൻ, ദൈവ



ഹിതം വിവേചിച്ചറിയുന്നവരാകുവാൻ നാം ജാഗ്രതയുള്ളവരല്ലെങ്കിൽ സാത്താന്റെ സാമ്രാജ്യം നമ്മിൽ കടന്നുവരും എന്നതിൽ രണ്ടു പക്ഷമില്ല.

ആരെതിർത്താലും വേണ്ടില്ല, എനിക്കു ജീവിക്കണം, സുഖിക്കണം എന്ന മനോഭാവമാണ് ഇന്നിന്റെ വലിയ ദുരന്തം. സത്യസന്ധതയുടെ, ആത്മാർത്ഥതയുടെ, നന്മയുടെ ഉറവുകൾ വറ്റിത്തുടങ്ങുമ്പോഴാണ് അസത്യത്തിന്റെയും അധാർമ്മികതയുടെയും വഴികളിലേക്ക് ചിന്തകൾ കടന്നുചെല്ലുക. ഇത്തരം സന്ദർഭങ്ങളെ വേണ്ടത്ര ഗൗരവത്തോടെ കൈകാര്യം ചെയ്യുന്നില്ലെങ്കിൽ സമ്പൂർണ്ണമായ നാശത്തിലേക്കാണ് അതു നമ്മെ കൊണ്ടെത്തിക്കുക എന്ന ബോധ്യമുണ്ടായിരിക്കണം. ചെറിയ ചെറിയ വിശ്വസ്തതക്കുറവുകളാണ് സാവധാനം വലിയ തെറ്റുകളിലേക്കും ക്രമംതെറ്റിയ ജീവിതവ്യാപാരങ്ങളിലേക്കും മനുഷ്യനെ നയിക്കുന്നത്.

ക്രമക്കേടുകളൊന്നും ദൈവത്തിനു ചേർന്നതല്ല; ദൈവം ഒരുക്കിയ ക്രമം തെറ്റിക്കുകയാണ് സാത്താന്റെ ജോലി. പ്രപഞ്ചത്തിന്റെ, മനുഷ്യജീവിതത്തിന്റെ താളക്രമങ്ങളെ സന്തുലിതമായി കാത്തുസൂക്ഷിക്കുവാൻ നമുക്കു കഴിയേണ്ടതുണ്ട്. അതിന് ദൈവത്തോടു നമുക്കു ചേർന്നുനില്ക്കാം, പിശാചിന്റെ കെണികളെ തിരിച്ചറിഞ്ഞ് പ്രലോഭനങ്ങളെ അതിജീവിക്കാം. നമ്മെ അടിമപ്പെടുത്തുന്ന പൈശാചികപ്രവണതകളെ എതിർത്തു തോൽപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വി. പത്രോസ് ശ്ലീഹാ പറയുന്നു: "നിങ്ങൾ സമചിത്തരായി ഉണർന്നിരിക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ ശത്രുവായ സാത്താൻ ആരെ വിഴുങ്ങേണ്ടൂ എന്നന്വേഷിച്ച് സിംഹത്തെപ്പോലെ അലറിക്കൊണ്ട് ചുറ്റിനടക്കുന്നു. ആകയാൽ വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് നിങ്ങൾ അതിനെ ചെറുക്കുവിൻ" (1 പത്രോ 5,8-9).

# ദൈവത്തിന്റെ കണ്ണുകൾ

റവ. ഫാ. ആന്റണി പൊന്തേക്കൻ
പാലക്കാട് രൂപത

സെന്റ് മേരീസ് യു.പി. സ്കൂളിലേക്ക് ജൂൺ മാസത്തിന്റെ ആദ്യദിനങ്ങളിൽ ഒരു മഴ ദിവസം അമ്മ എന്നെയും എടുത്തു പുറപ്പെട്ടു. പുത്തൻ ഉടുപ്പും കുടയും എല്ലാം കൈയിൽ ഉണ്ട്. പക്ഷേ ആദ്യമായി സ്കൂളിൽ പോകുന്നതിന്റെ മടി തെല്ലും കുറവില്ല. കോൺവെന്റ് സ്കൂളിലെ നേഴ്സറി ക്ലാസ്സിൽ അമ്മ എന്നെ കൊണ്ടുചെന്ന് ഇരുത്തി. കുറച്ചധികം പേർ ക്ലാസ്സിൽ ഉണ്ട്. കരച്ചിലും ബഹളവും... ഇതിനിടയിലേക്ക് ഒരു കുട്ടി കടന്നുവന്നു. നീല നിക്കറും കൊച്ചു കളങ്ങൾ ഉള്ള ക്രീം ഷർട്ടും ഇട്ട ഒരു കുട്ടി. എല്ലാവരും അവനെ നോക്കി തുടങ്ങി. സാധാരണ യെക്കാൾ വലിയ തലയും ഉണ്ടക്കണ്ണും പതിഞ്ഞ മൂക്കും ഉള്ള ഒരു കുട്ടി. ബഞ്ചിന്റെ ഒരു മൂല യിൽ അവൻ സ്ഥാനം പിടിച്ചു. സിസ്റ്റർ ആയിരുന്നു ക്ലാസ്സ് ടീച്ചർ. സിസ്റ്റർ എല്ലാവരോടും പേരു ചോദിച്ചു. ഈ കുട്ടിയോടും ചോദിച്ചു. അവൻ പേരു പറഞ്ഞു. ഒരു നിമിഷം നിശബ്ദയായ സിസ്റ്റർ ഒരിക്കൽകൂടി ചോദിച്ചു. അവൻ മെല്ലെ അവന്റെ പേര് ആവർത്തിച്ചു-റാഫി. പക്ഷേ ആ പേര് ആർക്കും മനസ്സിലായില്ല. കാരണം ജന്മനാ അവന് ഒരു കുറവുണ്ടായിരുന്നു. അവന്റെ അണ്ണാക്കിലെ വലിയ നാവും ചെറിയ നാവും പരസ്പരം ഒട്ടിപ്പിടിച്ചിരുന്നു. അതിനാൽ കുറെ യധികം പേർക്കെങ്കിലും അവൻ പറയുന്നത് മനസ്സിലാകില്ല. പഠനം മുന്നോട്ട് പോയി. 7-ാം ക്ലാസ്സു കഴിഞ്ഞപ്പോൾ സ്കൂൾ മാറണം. മറ്റൊരു സ്കൂളിലേക്ക് റ്റി.സി. കൊടുത്തുവിടുമ്പോൾ ടീച്ചർക്ക് ഒരു വിഷമം. ഇനി ആര് ഇവനെ ശ്രദ്ധിക്കും. ഇവിടെ കിട്ടിയ പരിഗണന ഒന്നും കിട്ടില്ലല്ലോ. മറ്റൊരു സ്കൂളിൽ 8-ാം ക്ലാസ്സിൽ ചേർന്നു. ടീച്ചർ വിചാരിച്ചതുപോലെ അവൻ ആ വർഷം തോറ്റു. വീണ്ടും അവിടെ പഠിച്ച് 9-ാം ക്ലാസ്സിൽ പോയി തോറ്റു. പഠിത്തം നിറുത്തി. ജോലിക്ക് പോകാൻ തുടങ്ങി. പലതരം ജോലികൾ ചെയ്തു നോക്കി. മോര് നിറയ്ക്കാൻ പോയി, ചന്ദനത്തിരി ഉണ്ടാക്കാൻ സഹായിക്കാൻപോയി,



പെട്രോൾ പമ്പിൽ ജോലിക്ക് പോയി. 18 വയസ് കഴിഞ്ഞപ്പോൾ ഓട്ടോറിക്ഷ ഓടിക്കാൻ പഠിച്ചു. കാരണം അവന്റെ അപ്പച്ചന് ഓട്ടോറിക്ഷയാണ്. അടുത്ത വീട്ടിലെ ഓട്ടോ ദിവസക്കൂലിക്ക് ഓടിക്കാൻ വാങ്ങി ഓടിച്ചു. വൈകുന്നേരങ്ങളിൽ അപ്പന്റെ ഓട്ടോ ഓടിച്ചു. കൊച്ചു സമ്പാദ്യം തുടങ്ങി. കാലചക്രം കറങ്ങി, വിവാഹപ്രായമായി, ഞങ്ങളുടെ നാട്ടിലാണെങ്കിൽ നല്ല വീടും ജോലിയും വിദ്യാഭ്യാസവും ആരോഗ്യവും ഉള്ളവർ പെണ്ണു കിട്ടാതെ കഷ്ടപ്പെടുന്ന കാലം. ഈ റാഫിയുടെ കാര്യം എന്താകും എന്നതിനെക്കുറിച്ച് എല്ലാവർക്കും ആകുലതയാണ്. പഠിപ്പും ഇല്ല, കാണാൻ ഭംഗിയും ഇല്ല. സാസാരിച്ചാൽ പാതി മനസ്സിലാകില്ല. എന്നാലും അവനും പെണ്ണുകാണൽ തുടങ്ങി. ദൈവം അവിടെയും അത്ഭുതം കാണിച്ചു. ആദ്യമായി ചെന്നു കണ്ട കുട്ടിയെ അവന് ഇഷ്ടമായി. അവൾക്ക് ഇവനെയും ഇഷ്ടമായി. അവരുടെ കല്യാണം കഴിഞ്ഞു. ഇന്ന് സ്വന്തമായ ഓട്ടോറിക്ഷകളും കാറും വീടും സ്വന്തമായി രണ്ടു കടകളും ഉള്ള അടിപൊളി ചെറുക്കനായി, അപ്പനായി അവൻ ജീവിക്കുന്നു.

നമ്മളെല്ലാം നമ്മുടെ പരിമിതികളിൽ പരിതപിച്ച് പിണങ്ങി ഇരിക്കുന്നവരാണ്. ഞാൻ ഈ വീട്ടിൽ ജനിച്ചില്ലായിരുന്നെങ്കിൽ, എന്നെ ഏതെങ്കിലും നല്ല കോഴ്സിനു പഠിക്കാൻ വിട്ടിരുന്നെങ്കിൽ, നല്ല ജോലി കിട്ടിയിരുന്നെങ്കിൽ ഇങ്ങനെ പോകുന്നു നമ്മുടെ പരിദേവനങ്ങൾ. സ്നേഹമുള്ളവരേ, ദൈവത്തിന്റെ അനുഗ്രഹം ഉണ്ടെങ്കിൽ നമ്മൾ പിന്നെ പിന്തിരിഞ്ഞ് നോക്കേണ്ടിവരില്ല. ചിലപ്പോൾ മറ്റുള്ളവരുടെ കണ്ണിൽ നാം കുറവുകൾ ഉള്ളവർ ആയിരിക്കും. കഴിവുകെട്ടവർ ആയിരിക്കും. എന്നിരുന്നാലും ദൈവാനുഗ്രഹമുണ്ടോ, ഒന്നും പേടിക്കേണ്ട. കർത്താവ് സാമുവലിനോടു കല്പിച്ചു: "മനുഷ്യൻ കാണുന്നതല്ല കർത്താവ് കാണുന്നത്. മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു. കർത്താവാകട്ടെ ഹൃദയഭാവത്തിലും" (1 സാമു 16,7). മുമ്പന്മാരാകുന്ന പിമ്പന്മാരും പിമ്പന്മാരാകുന്ന മുമ്പന്മാരും ഉണ്ടായിരിക്കും (ലൂക്കാ 13,30). വിശുദ്ധ ഗ്രന്ഥത്തിലെ പഴയനിയമ ഭാഗവും ഇതു സാക്ഷ്യപ്പെടുത്തുന്നു. പുറപ്പാടിന്റെ പുസ്തകം മൂന്നാം അധ്യായത്തിൽ ദൈവം മോശയെ വിളിക്കുന്നു. പക്ഷേ അവൻ കുറവുള്ളവനായിരുന്നു. വചനം പറയുന്നു: "മോശ കർത്താവിനോടു പറഞ്ഞു: കർത്താവേ, ഞാൻ ഒരിക്കലും വാക്ചാതുരിയുള്ളവനായിരുന്നില്ല. അങ്ങു ദാസനോടു സംസാരിച്ചതിനു ശേഷവും അങ്ങനെതന്നെ. സംസാരിക്കുമ്പോൾ നാവിനു തടസ്സമുള്ളവനാണു ഞാൻ" (പുറ 4,10). ദൈവം അനുഗ്രഹിച്ചപ്പോൾ ഇസ്രായേലിനെ കാനാൻ ദേശത്തേക്കു കൈപിടിച്ചു നടത്താൻ മോശയ്ക്കു സാധിച്ചു. സാമുവേൽ ജസെയുടെ ഭവനത്തിൽ വന്നു. കർത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ടവൻ 7 മക്കളിൽ ആരെന്ന് നോക്കി. ജസെ തന്റെ മക്കളിൽ കഴിവും മികവും ഉള്ളവരെ സാമുവേലിന്റെ മുമ്പിൽ നിറുത്തി. പക്ഷേ ദൈവം എല്ലാവരെയും മാറ്റി നിർത്തി. "എന്നാൽ, കർത്താവ് സാമുവലിനോടു കല്പിച്ചു: അവന്റെ ആകാരവടിവോ ഉയരമോ നോക്കേണ്ട. അവനെ ഞാൻ തിരസ്കരിച്ചതാണ്" (1 സാമു 16,7). ജസെ മാറ്റിനിർത്തിയവന്റെ ശിരസ്സിൽ സാമുവേൽ അഭിഷേകതൈലം ഒഴിച്ചു. ദൈവം അനുഗ്രഹിച്ചപ്പോൾ ഇസ്രായേലിന്റെ ഏറ്റവും വലിയ രാജാവായി ദാവീദ് മാറി.

ചരിത്രവും ഇതുതന്നെ ആവർത്തിച്ചു പറയുന്നു... അവൻ കാണാൻ ഭംഗിയില്ലാത്ത ഒരു പയ്യനായിരുന്നു. വലിയ കുടുംബത്തിൽ ജനിച്ചില്ല. പക്ഷേ അവൻ ക്ലാസ്സ് ടീച്ചറോട് പറഞ്ഞു: "എനിക്ക് അമേരിക്കയുടെ പ്രസിഡന്റ് ആകണം". ടീച്ചർ ആവശ്യത്തിലധികം അവനെ കളിയാക്കി. ഇക്കാലത്ത് ഇങ്ങനെ ഒരു കാര്യം ചിന്തിക്കാൻ പറ്റില്ല. അപ്പോൾ പഴയകാലം എന്തായിരിക്കും. അവൻ പഠിച്ചു, വളർന്നു. അമേരിക്കയുടെ 16-ാമത്തെ പ്രസിഡന്റായി അവൻ -അബ്രാഹം ലിങ്കൺ- മാറി. നമ്മളാണ് നമ്മുടെ വിധി നിർണയിക്കേണ്ടത്. എല്ലാവർക്കും പരിമിതികൾ ഉണ്ട്. കുറവുകൾ ഉണ്ട്. എന്നാൽ കുറവുകളെ നിറവുകൾ ആക്കാൻ കഴിയുന്ന കർത്താവ് കൂടെയുണ്ടെന്ന വിശ്വാസം നിനക്കുണ്ടെങ്കിൽ ചരിത്രം നിന്റെ മുമ്പിൽ വഴി മാറും. ചരിത്രത്തിൽ തങ്കലിപികളിൽ നിന്റെ പേര് ആലേഖനം ചെയ്യപ്പെടും.

# മധുരഗീതമുയർത്താൻ നമുക്കാവുമോ?

റവ. ഡോ. ജേക്കബ് കോയിപ്പള്ളി
ചങ്ങനാശ്ശേരി അതിരൂപത

ചന്തയിൽ പല വസ്തുക്കൾ ലേലം ചെയ്തുകൊണ്ടിരിക്കുന്നു. കുറച്ചു വസ്തുക്കൾക്കു ശേഷം പിന്നീട് ലേലം ചെയ്യാനെടുത്തത് ഒരു വയലിനാണ്. ആർക്കും വേണ്ടാത്ത ഒരു വയലിൻ. മോശമായതും പൊടിപിടിച്ചതും വളരെ പഴക്കം ചെന്നതുമായ ഒരു വയലിൻ. അതെടുത്ത് ലേലം വിളി തുടങ്ങി. അതിന്റെ കമ്പികളിൽ ചിലത് പൊട്ടിയിരുന്നു. മോശമായ ആ വയലിൻ ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. ലേലം വിളിയോട് ആരും ക്രിയാത്മകമായി പ്രതികരിച്ചില്ല.

അല്പസമയത്തിനുശേഷം ഒരാൾ കയറിവന്ന് ലേലം വിളിക്കുന്നയാളിൽനിന്നും ആ വയലിൻ വാങ്ങി. അയാൾ അതിലുണ്ടായിരുന്ന പൊടിയെല്ലാം തുടച്ചു വൃത്തിയാക്കി. പൊട്ടി



ക്കിടന്നിരുന്ന കമ്പികൾക്കു പകരം പുതിയ വയിട്ടു. അയഞ്ഞു കിടന്നിരുന്ന കമ്പികൾ വേണ്ടവിധം മുറുക്കി ശരിയാക്കി. അതിനു ശേഷം അയാൾ ആ വയലിൻ വായിക്കാൻ തുടങ്ങി. വളരെപ്പെട്ടെന്ന് ആൾക്കാൾ അവിടെ തടിച്ചുകൂടി. ആ വയലിന് ആവശ്യക്കാർ ഏറി. ലേലം വിളിയിൽ വയലിന് വില കൂടുവാൻ തുടങ്ങി. അവർ ഒരിക്കലും പ്രതീക്ഷിക്കാത്ത വില ആ വയലിന് ലഭിച്ചു.

പൊടി പിടിച്ചുകിടക്കുന്ന, അല്പം പൊട്ടിപ്പൊളിഞ്ഞ, പഴകിയതെന്നു തോന്നിപ്പിക്കുന്ന, പ്രസക്തമല്ലെന്ന് കരുതുന്ന എല്ലാറ്റിനും ഇപ്രകാരം ഒരു മറുമുഖമുണ്ട്. ഉപയോഗിക്കാൻ അറിയാവുന്നവന്റെ കൈകളിൽ അതു ലഭിക്കുമ്പോൾ അതിനെല്ലാം വലിയ മൂല്യമുണ്ടാകും.

ദൈവം നമുക്കു മുമ്പിൽ നിക്ഷേപിച്ചിരിക്കുന്ന ഏറ്റവും വലിയ സമ്മാനമാണ് ഓരോ മനുഷ്യജീവനും. ഓരോ മനുഷ്യജീവനെയും നാം എപ്രകാരം കാണുന്നുവോ, എപ്രകാരം അതിനോടു പെരുമാറുന്നുവോ, എപ്രകാരം സ്നേഹത്തോടെ അതിനെ സമീപിക്കുന്നുവോ അത്രയേറെ മൂല്യം അതിനു വർദ്ധിക്കുകയാണ്. അല്പം പൊടി പിടിച്ചതുകൊണ്ട്, പൊട്ടിപ്പൊളിഞ്ഞതുകൊണ്ട്, പഴക്കം ചെന്നതുകൊണ്ട് ഒന്നിനെയും മാറ്റിനിർത്തരുതെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുകയാണ്. നമ്മുടെ പക്കലേക്ക് ദൈവം അയയ്ക്കുന്നവർക്കൊക്കെ, നാം കണ്ടുമുട്ടുന്നവർക്കൊക്കെ, സ്നേഹസാന്ത്വനം പകരാൻ നമുക്കാവണം. അവരുടെ ജീവിതത്തെ പൊടി തട്ടിക്കളയുവാൻ നമുക്കാവണം. അയഞ്ഞുകിടക്കുന്ന അവരുടെ ജീവിതതന്ത്രികൾ അല്പംകൂടെ മുറുക്കുവാൻ നമുക്കാവണം. അങ്ങനെ മധുരതരമായ ഈണം അവരിൽനിന്നും വീണ്ടും പുറപ്പെടുവിക്കുവാൻ നമ്മുടെ ചെയ്തികൾക്കാവട്ടെ.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192



# കാവലാൾ

ജാൻസി ടീച്ചർ
കറുകപ്പറമ്പിൽ

## 17



നമ്മുടെ ജീവിതത്തിൽ അവിചാരിതമായി എത്രയെത്ര അനുഭവങ്ങളാണുണ്ടാകുക. ചിലതൊന്നും നമുക്കു മനസ്സിലാക്കാൻകൂടി പറ്റില്ല. പക്ഷേ, എല്ലാത്തിന്റെയും പിന്നിൽ ദൈവകരം കാണുന്നവർക്ക് അതിനെല്ലാം അർത്ഥം ദൈവകരുണതന്നെയാണ്.

ഞായറാഴ്ച വേദപാഠക്ലാസ്സുകഴിഞ്ഞ് തിരികെ വന്നപ്പോൾ ഗൊരേത്തിയമ്മയും മാഗിയമ്മയും എന്തോ ഗൗരവമേറിയ ചർച്ചയിൽ ആയിരുന്നു.

സ്റ്റീനായെ കണ്ടപ്പോൾ ഗൊരേത്തിയമ്മ പറഞ്ഞു: “സ്റ്റീനാ, നിന്റെ കുഞ്ഞാന്റി ആശുപത്രിയിലാണ്. ഒന്നു വീണതാ. വേഗം പോയി കഴിച്ചിട്ട് വാ. നമുക്കാശുപത്രിയിൽ പോകാം”.

ആശുപത്രിയിൽ ചെന്നപ്പോൾ കുഞ്ഞാന്റിയോടൊപ്പം ജനറസമ്മയുമുണ്ടായിരുന്നു.

നെറ്റിയിൽ ഒരു വശത്തായി കല്ലുകൊണ്ടു തുളഞ്ഞുണ്ടായ ഒരു മുറിവു വച്ചുകെട്ടിയിരിക്കുന്നു. “കുഞ്ഞാന്റീ...” സ്റ്റീനായുടെ കണ്ണിൽനിന്ന് കണ്ണീർ അടർന്നുവീണു.

“സാരമില്ല മോളേ, വേറൊന്നും പറ്റിയില്ലല്ലോ. നാളത്തേക്ക് എല്ലാം മാറിക്കൊള്ളും”.

‘‘മാഗീ, ഇന്ന് സ്റ്റീനായെ ഇവിടെ നിർത്തിയാൽ അവൾക്കൊരു കൂട്ടാകും”.

“അതിനെന്താ, നീ നാളെ വന്നാൽ മതി. ഇനിയുള്ള പരീക്ഷ 31 നല്ലേ”.

സിസ്റ്റർമാർ പോയിക്കഴിഞ്ഞപ്പോൾ സ്റ്റീനാ കുഞ്ഞാന്റിയുടെ അരികിൽ ഇരുന്ന് നെറ്റിയിൽ തലോടി. “മോളുടെ കൈ തൊട്ടപ്പോൾ നല്ല സുഖം. ഞാനൊത്തിരി ദിവസമായി കൊച്ചിനെയൊന്നു കണ്ടില്ലല്ലോ എന്നോർക്കുകയായിരുന്നു”.



അവർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അപ്പുറത്തെ ബഡിൽ കിടക്കുന്ന രോഗിയെ കാണാൻ ഒരമ്മയും മകനുമെത്തി.

"മോൾടെ വീട് ചെമ്പകപ്പാറയിലാണോ?"

"അതേ... ഇത് ലൈസാമ്മചേച്ചിയും മകനുമല്ലേ. പണ്ടു ഞാൻ വെള്ളത്തിൽ വീണപ്പോൾ എന്നെ രക്ഷിച്ച ജോയിമോൻ...!"

"മോളെന്താ ഇവിടെ?"



"ഞാനിവിടെ മഠത്തിലാണ്. സഹായിക്കാൻ... ഇത് ചേച്ചിയുടെ മോളാ, സ്റ്റീനാ... അവൾ ശാലയിലാ".

അവർ കാണാൻ വന്ന രോഗിയുടെ അടുത്തേക്കു പോയപ്പോൾ സ്റ്റീനാ കുഞ്ഞാന്റിയുടെ ചെവിയിൽ മന്ത്രിച്ചു... "ദേ, ആ പോകുന്ന ചേട്ടൻ കുഞ്ഞാന്റിയെ കല്യാണം കഴിക്കുമെന്ന് എന്റെ മനസ്സിൽ തോന്നിക്കുന്നു".

"പോടീ കൊച്ചേ... എനിക്കിനി കല്യാണമൊന്നും വേണ്ട".

"എന്നാൽ കണ്ടോ. അവർ അടുത്ത ഞായറാഴ്ച മഠത്തിൽ വരും. മദറിനെ കാണാൻ. ഞാൻ പറഞ്ഞതല്ല. അമ്മ പറഞ്ഞതാ".

പിറ്റേന്നുതന്നെ അവർ ആശുപത്രി വിട്ടു.

ആ ഞായറാഴ്ചതന്നെ സ്റ്റീനാ പറഞ്ഞതുപോലെ അവർ മഠത്തിലെത്തി. മദർ അവരുടെ ആവശ്യം സന്തോഷത്തോടെ സ്വീകരിച്ചു.

ജോയിമോൻ തേങ്ങാക്കച്ചവടം നടത്തുന്ന ദുശ്ശീലങ്ങളില്ലാത്ത ഒരു ചെറുപ്പക്കാരനാണ്. ലൈസാമ്മയുടെ ഏകമകൻ. അപ്പൻ മരിച്ചപ്പോൾ അപ്പന്റെ പണി മകൻ ഏറ്റെടുത്തതാണ്. സ്നേഹമുള്ള ആ മകന്റെ തണലിലാണ് ഇപ്പോൾ ലൈസാമ്മ. ഇടയ്ക്ക് മൂന്നുമാസത്തോളം തളർന്നുകിടന്നപ്പോൾ ഒരു മടിയും കൂടാതെ അവൻ എല്ലാ ശുശ്രൂഷകളും ചെയ്തു. ലൈസാമ്മയ്ക്ക് ഇപ്പോഴും ഒരു വശത്തിന് കുറച്ചു ചെരിവുണ്ട്.

വീടു നോക്കാൻ പറ്റിയ ഒരു പെങ്കൊച്ചുവേണമെന്ന ലൈസാമ്മയുടെ ആഗ്രഹത്തിന് ജോയിമോൻ അനുവാദം നല്കിയപ്പോൾ സ്റ്റീനയുടെ ആഗ്രഹത്തിനും ചിറകുവച്ചു.

(തുടരും)





# ഇസഹാക്ക്

**ഷിജി പറപ്പള്ളിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന് ലഭിച്ച അനുഗ്രഹത്തിന്റെ മുദ്രയാണ് ഇസഹാക്ക്. "അവൻ ചിരിച്ചു" എന്നാണ് ഇസഹാക്ക് എന്ന വാക്കിന്റെ അർത്ഥം. പല വ്യക്തികളുടെയും ചിരികളുടെ സ്വരൂപമാണ് ഇസഹാക്ക്. അബ്രാഹം, സാറ, ബന്ധുജനങ്ങൾ, നാട്ടുകാർ തുടങ്ങിയവരുടെ ചിരിയുടെ ആൾരൂപമാണ് അയാളുടെ അസ്തിത്വം (ഉല്പ 17,17; 18,12; 21,6). ഈ ചിരികളെല്ലാം ദൈവസ്തുതികളുടെ പ്രകരണങ്ങളായി മാറി.

വിശ്വാസത്തിന്റെ അഗ്നിപരീക്ഷകളിലൂടെ കടന്നുപോയ അബ്രാഹം നുറുങ്ങിയ ഹൃദയവുമായി, മകനായ ഇസഹാക്കുമൊത്ത് മലകയറുമ്പോൾ ആ വൃദ്ധപിതാവിനോട് നിഷ്കളങ്കമായി അവൻ ചോദിക്കുന്നു "അപ്പാ തീയും വിറകുമുണ്ടല്ലോ എന്നാൽ ദഹനബലിക്കുള്ള കുഞ്ഞാടെവിടെ?" (ഉല്പ 22,7). വിങ്ങുന്ന വേദന കടിച്ചിറക്കി വൃദ്ധൻ ഒറ്റവാക്കിൽ ഉത്തരം നൽകി: "ദൈവം തരും". വിശ്വാസപൈതൃകം ജീവിതത്തിൽ ഏറ്റുവാങ്ങിയ ചിരിയുടെ പുത്രന് ലേശവും അവിശ്വാസമില്ല. ബലിയർപ്പിക്കാൻ പോകുന്ന പിതാവ് മറവികൊണ്ട് ബലിമൃഗത്തെ കരുതാത്തതാണോ? അവൻ ചോദ്യം ഉന്നയിച്ചില്ല. മലമുകളിലെത്തി ബലിപീഠം ഒരുക്കിയശേഷം വിശ്വാ

സികളുടെ പിതാവായ അബ്രാഹം തന്റെ കുഞ്ഞിന്റെ മുമ്പിൽ കണ്ണീരോടെ ഹൃദയം തുറന്നു വച്ചു. എല്ലാം ദൈവഹിതമാണെന്ന് ബോധ്യപ്പെടുത്തിക്കാണും. അപ്പൻ തന്നെ കൊല്ലുമെന്നു ഭയന്ന് പ്രാണരക്ഷാർത്ഥം അവൻ ഓടിപ്പോയില്ല. പകരം ദൈവഹിതത്തിനു ചെവിചായ്ച്ച വന്റെ മാറിൽ ആ ബാലൻ തല ചായ്ചിട്ടുണ്ടാവും. പിതാവിന്റെ ഹിതത്തിനു കുരിശിന്റെ മാറിൽ സ്വയം സമർപ്പിച്ച ഈശോയെപ്പോലെ.

ഇന്നത്തെ ന്യൂജൻ തലമുറ അപ്പനെ വിശ്വസിച്ചു മലമുകൾവരെ എത്തില്ല. എത്തിയാലോ അപ്പന്റെ ഹിതത്തിന് എന്നെ കിട്ടില്ല എന്നുപറഞ്ഞ് ഓടി മാറും. പിന്നെ വെറുപ്പും പ്രതികാരവു മായിരിക്കും ഫലം. ഇസഹാക്കിലൂടെ ദൈവം രക്ഷാകരകർമ്മം തുടരുന്നു. അവനിലൂടെ ജന തതിയെ അവിടുന്ന് അനുഗ്രഹിക്കുന്നു. ബത്തുവേലിന്റെ പുത്രിയും ലാബാന്റെ സഹോദരിയു മായ റബേക്കായെ ഇസഹാക്ക് വിവാഹം കഴിക്കുന്നു (ഉല്പ 24,67). അവളിൽനിന്ന് ഏസാവ്, യാക്കോബ് എന്നീ രണ്ടു മക്കൾ ജനിച്ചു.

പിതാവിനെപ്പോലെ തന്നെ ദൈവത്തോടും ദൈവികപദ്ധതിയോടും വിശ്വസ്തതപുലർത്തി ജീവിച്ചവനായിരുന്നു ഇസഹാക്ക്. അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ദൈവികസാന്നിദ്ധ്യമാണ് അതിന് അവനെ പ്രേരിപ്പിച്ചത്. ഗരാറിൽ ക്ഷാമമുണ്ടായപ്പോൾ ദൈവം അവനെ അനുഗ്രഹി ക്കുന്നുണ്ട്: “ഞാൻ പറയുന്ന നാട്ടിൽ പാർക്കുക. ഈ നാട്ടിൽതന്നെ കഴിഞ്ഞുകൂടുക. ഞാൻ നിന്റെകൂടെ ഉണ്ടായിരിക്കും. നിന്നെ ഞാൻ അനുഗ്രഹിക്കുകയും ചെയ്യും. നിനക്കും നിന്റെ പിൻമുറക്കാർക്കും ഈ പ്രദേശമെല്ലാം ഞാൻ തരും. നിന്റെ പിതാവായ അബ്രാഹത്തോടു ചെയ്ത വാഗ്ദാനം ഞാൻ നിറവേറ്റും” (ഉല്പ 26,3). ഇസഹാക്ക് ആ നാട്ടിൽ കൃഷിയിറക്കി നൂറുമേനി വിളവെടുക്കുകയും ചെയ്തു. ക്രമേണ അവൻ വലിയ സമ്പന്നനായി. തികഞ്ഞ ഒരു സമാധാനപ്രിയനായിരുന്നു ഇസഹാക്ക്. അവനോടു കൂടെ ഉണ്ടായിരുന്ന ദൈവിക സാന്നിദ്ധ്യം അവന്റെ പരിശ്രമത്തെയെല്ലാം ഫലമണിയിച്ചു. ദൈവത്തിൽ ആശ്രയം അർപ്പിച്ചുകൊണ്ട്, മനു ഷ്യരുടെ ഭാഗത്തുനിന്നുണ്ടായ എതിർപ്പുകളോടെല്ലാം ചെറുത്തുനില്ക്കാതെ, സമാധാന കാംക്ഷി യായ അവൻ സഹിഷ്ണുതയോടെ മാറിപ്പോകുന്നു. ഇസഹാക്കിന്റെ ഐശ്വര്യവും സമൃദ്ധി യും ഫിലിസ്ത്യർക്ക് അസൂയയ്ക്ക് കാരണമായി. അദ്ദേഹത്തിന്റെ പിതാവ് കുഴിച്ച കിണറുക ളെല്ലാം അവർ മണ്ണിട്ടുമൂടി. എതിർത്തുനിൽക്കാതെ, പരിഭവം പറയാതെ മാറിമാറി ഇസഹാക്ക് കിണറുകൾ കുഴിച്ചു. സഹിഷ്ണുതയുടെ ശൈലി പുലർത്തിയവനെ ബർഷെബയിൽവച്ച് ദൈവം അനുഗ്രഹിക്കുന്നു: “നിന്റെ പിതാവിന്റെ ദൈവമാണു ഞാൻ; നീ ഭയപ്പെടേണ്ട, ഞാൻ നിന്നോ ടുകൂടെയുണ്ട്. എന്റെ ദാസനായ അബ്രാഹത്തെപ്രതി ഞാൻ നിന്നെ അനുഗ്രഹിക്കും. നിന്റെ സന്തതികളെ വർദ്ധിപ്പിക്കുകയും ചെയ്യും” (ഉല്പ 26,24). ദൈവികതയുടെ ജീവിതസാക്ഷ്യം അവനിൽ ദർശിച്ച ശത്രുക്കൾപോലും പറയുന്നു, “കർത്താവ് നിന്നോടുകൂടെയുണ്ടെന്ന് ഞങ്ങൾക്ക് വ്യക്തമായിരിക്കുന്നു” (ഉല്പ 26,28[a]); “നീ ഇപ്പോൾ കർത്താവിനാൽ അനുഗ്രഹി ക്കപ്പെട്ടവനാണ്” (ഉല്പ 26,29[b]). അസൂയയുടെയും അക്രമത്തിന്റെയും സംഘർഷഭൂമിയിൽ ക്ഷമ യുടെയും സഹിഷ്ണുതയുടെയും ദൈവാശ്രയത്വത്തിന്റെയും ജീവിതം കാഴ്ചവച്ച ഇസഹാക്ക് ഇന്നിന്റെ കാലഘട്ടത്തിൽ മിന്നിനില്ക്കുന്നു.

ഇസഹാക്ക് പറയുന്നു:

* ദൈവാശ്രയം അനുഗ്രഹത്തിന്റെ വാതിൽ തുറക്കുന്നു.
* സഹിഷ്ണുതയും വിശ്വസ്തതയും ഒരു നല്ല ജീവിതശൈലിയാണ്.
* എല്ലാം ദൈവഹിതത്തിന് സമർപ്പിച്ചാൽ പരിഭവപ്പെടാനില്ല.
* വിശ്വാസം കൈമാറുവാൻ സാക്ഷ്യജീവിതം നൽകുക.

# മറുപുറം



**സാബി, കോഴിക്കോട്**

എന്റെ ഏറ്റവും അടുത്ത സുഹൃത്തിന്റെ അപ്പനാണ് പുത്തൻവീട്ടിൽ ചാക്കോച്ചൻ. അത്യാവശ്യം പ്രാർത്ഥനയും പള്ളിയോടും പട്ടക്കാരനോടും അടുത്ത സമ്പർക്കം പുലർത്തുകയും ചെയ്യുന്ന ആളെന്ന നിലയിൽ സമൂഹം ഏറെ ബഹുമാനവും ആദരവുമൊക്കെ കൊടുക്കുന്ന വ്യക്തികൂടിയാണ് അദ്ദേഹം. മക്കളൊക്കെ വിദേശത്തായതിനാൽ കൊച്ചുമക്കളെ വളർത്തുക എന്ന കർമ്മം വളരെ സ്നേഹപൂർവ്വം ഏറ്റെടുത്തിരിക്കുന്നതിനാൽ പ്രായത്തിന്റെ വിളയാട്ടങ്ങളൊന്നും അദ്ദേഹത്തെ ബാധിച്ചിട്ടേയില്ല.

കഴിഞ്ഞദിവസം സ്കൂൾ വിട്ടുവരുന്ന കൊച്ചുമകളെയും കൈയിൽ പിടിച്ച് കുസൃതികളൊക്കെ പറഞ്ഞ് റോഡിന്റെ ഓരം ചേർന്നു നടന്നുപോരുകയായിരുന്നു ആ വല്യപ്പൻ. വഴിയിൽ കിടന്ന ആണി നടപ്പാതയിൽ നിന്നും പെറുക്കിക്കളയാൻ കുനിഞ്ഞതേ ചേട്ടനോർമ്മയുള്ളൂ. പിന്നിലൂടെ ഓവർടേക് ചെയ്തു കടന്നുവന്ന വാഹനം ചാക്കോച്ചേട്ടനെ ഇടിച്ചു തെറിപ്പിച്ച് കടന്നുപോയി. ഓടിക്കൂടിയ ആളുകൾ അദ്ദേഹത്തെ ആശുപത്രിയിലാക്കി. അത്യാവശ്യം ചതവുകളോടെ ചേട്ടൻ രക്ഷപ്പെട്ടു. സന്ദർശകർ പല അഭിപ്രായങ്ങളും നിരത്തി - ഇത്രയും പ്രാർത്ഥിച്ചിട്ടും ആ മനുഷ്യന്റെയൊരു ഗതികേടേ!...

എന്നാൽ ഒരു യുദ്ധം ജയിച്ചുവന്ന സൈന്യാധിപന്റെ ചങ്കൂറ്റത്തോടെ ചാക്കോച്ചേട്ടൻ ഇപ്രകാരം പറഞ്ഞു: "എന്റെ കർത്താവിന്റെ അത്ഭുതകരമായ കരം ഒരിക്കൽകൂടി

ഞാൻ തൊട്ടറിഞ്ഞു. അവൻ വലിയവനാ. ഞാൻ കുഞ്ഞിന്റെ കൈവിട്ടില്ലായിരുന്നു എങ്കിൽ എനിക്കെന്റെ കുഞ്ഞ് നഷ്ടമായേനെ. കണ്ണിൽ കൊള്ളേണ്ടത് പുരികത്തു കൊണ്ട് കടന്നു പോയി. ദൈവത്തിന്റെ നാമം വാഴ്ത്തപ്പെട്ടതാകട്ടെ". ജീവിതസാഹചര്യങ്ങളിൽ മറുപുറം വായിക്കാൻ പഠിച്ച ഒരു മനുഷ്യൻ!

ജീവിതത്തിലെ നല്ലൊരു പങ്കു പ്രശ്നങ്ങളുടെയും പ്രധാന കാരണം മറുപുറം കാണാൻ കഴിയുന്നില്ല എന്നതുതന്നെ. മറുപുറത്തെ ചോദ്യങ്ങളെ ശ്രദ്ധിക്കാത്ത കുട്ടിക്ക് പരീക്ഷ യിൽ ഒന്നാം സ്ഥാനം നേടാനാവില്ല. ഒരു നാണയത്തിന് ഇരുവശമുണ്ട് എന്നതുപോലെ ജീവിതത്തിനും രണ്ടു പുറമുണ്ട്. മറുപുറമാണ് അതിനെ മൂല്യവത്താക്കുന്നത്. ഒന്ന് ദുഃഖ ത്തിന്റേതെങ്കിൽ മറ്റൊന്ന് സന്തോഷത്തിന്റേത്. കുന്നുകളും - താഴ്വരകളും, പരാജയങ്ങളും - വിജയങ്ങളും, കഷ്ടകാലങ്ങളും - നല്ല കാലങ്ങളും, കൊഴിയലും - തളിർക്കലും, കോട്ട ങ്ങളും - നേട്ടങ്ങളും, ദൗർഭാഗ്യങ്ങളും - സൗഭാഗ്യങ്ങളുമെല്ലാം ഈ പ്രപഞ്ചത്തിന്റെ നഗ്ന സത്യങ്ങളാണ്. ഒന്നും നിത്യമായി നിലനില്ക്കുന്നില്ല. ഒന്നും നിത്യമായി നശിക്കുന്നുമില്ല. കാരണം നിത്യനായവനാണ് നമ്മെ വീഴാനനുവദിക്കുക. വീഴ്ത്തുന്നവൻതന്നെ എഴുന്നേ ല്ക്കാനുള്ള ശക്തിയും നമ്മിലൊളിപ്പിച്ചിട്ടുണ്ട്. ഇവിടെ മറുപുറം കാണാനുള്ള ആഴമായ വിശ്വാസമാണ് നമുക്കാവശ്യം. മരണത്തിന്റെ മറുപുറം കാണുവാൻ കഴിഞ്ഞതുകൊണ്ടല്ലേ ലാസറിനെ ഉയിർപ്പിക്കുവാൻ ഈശോയ്ക്ക് കഴിഞ്ഞത്?

'മറുപുറം' എന്നത് ബുദ്ധിമാന്മാരുടെയും വിവേകികളുടെയും സവിശേഷതയാണ്. പ്രശസ്തനായ ഐസക് ന്യൂട്ടൺ ഗുരുത്വാകർഷണം കണ്ടുപിടിച്ചത് തലയിൽ വീണ ആപ്പി ളിനുമപ്പുറം കാണാൻ കഴിഞ്ഞതുകൊണ്ടാണ്.

മറുപുറം നമ്മെ നയിക്കുക 'റിസ്കി'ന്റെ ജീവിതത്തിലേക്കാണ്. ഇത് അപരന്റെ യഥാർത്ഥ അവസ്ഥയിലേക്കുള്ള പറന്നിറങ്ങലാണ്. അവന്റെ പാപഭാരങ്ങളെ സ്വന്തം ചുമ ലിൽ ഏറ്റെടുക്കലാണ്. രക്ഷ കൈവരിക്കുവോളം ഒരുവന്റെ കൂടെ നില്ക്കലാണ്. നല്ല അയ ല്ക്കാരനാകാനുള്ള ക്ഷണമാണ്. ഇതിനു ചില നഷ്ടങ്ങൾ സഹിച്ചേ പറ്റൂ. സമയം, സാഹ ചര്യങ്ങൾ, പണം, അഭിപ്രായങ്ങൾ, മനോഭാവങ്ങൾ ഇവയൊക്കെ മാറ്റിവയ്ക്കാതെ അഹ ങ്കാരത്തിന്റെ കുതിരപ്പുറത്തിരിക്കുന്നവന് സംഹരിക്കുന്ന സാവൂളാവാനേ കഴിയൂ. എന്നാൽ ഓരോ മനുഷ്യജീവിതത്തിന്റെയും ബലഹീനതകളുടെ ചതുപ്പുനിലങ്ങൾ തൊട്ടറിയാൻ കഴി ഞ്ഞാൽ വീണ്ടെടുക്കുന്ന പൗലോസാകാൻ നമുക്കാവും.

മറുപുറം കടുത്ത നിരാശയിലാഴ്ന്നവന്റെ ജീവിതത്തിലേക്കു നീട്ടുന്ന പ്രത്യാശയുടെ കച്ചിത്തുരുമ്പാണ്. വിധികൾക്കിവിടെ പ്രസക്തിയില്ല. ക്ഷമയോടെ, പ്രതീക്ഷയോടെ ഭാവി യിൽ ഒരുവൻ ആയിത്തീരേണ്ട അനന്തസാധ്യതയെ സ്വപ്നം കാണുവാൻ നമുക്കായാൽ നമുക്കൊപ്പം ജീവിക്കുന്ന ധാർഷ്ട്യമുള്ള ഭർത്താവിനെ, കുറ്റപ്പെടുത്തുന്ന മക്കളെ, സംതൃ പ്തിയില്ലാത്ത മാതാപിതാക്കളെ, ഗൗരവബുദ്ധിയുള്ള ശ്രേഷ്ഠജനങ്ങളെ ശാന്തതയോടെ, സുസ്മേരവദനത്തോടെ കൈകാര്യം ചെയ്യാനാവും. ഇന്നുമുതൽ നമ്മുടെയും മറ്റുള്ളവരു ടെയും ജീവിതങ്ങളുടെ മറുപുറം കാണുവാൻ നമുക്കു പരിശ്രമിക്കാം. അവിടെ ഒളിച്ചു നട ക്കുന്നവളല്ല മറിച്ച്, മിശിഹായെ ധീരതയോടെ പ്രഘോഷിക്കുന്ന സമറിയാക്കാരി രൂപംകൊള്ളും. ഈശോയെപ്പോലെ നമുക്കും കാത്തിരിക്കാം. നമ്മെ ഭരമേല്പിച്ചിരിക്കുന്ന മനഷ്യഹൃദയങ്ങളുടെ ജീവിതങ്ങളിൽ സ്നേഹത്തിന്റെ, ജീവജലത്തിന്റെ മറുപുറം കണ്ടെ ത്തുവാൻ...



# തിരുമുമ്പിലെ പൂമൊട്ട്

**ഫിലോ കുറ്റിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഞാ**നായിരിക്കുന്ന നെരൂൾ ഇടവകയിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന ഡീക്കൻ ജെറിൻ വേർപെട്ടിട്ടു 41 ദിവസം... പല ഓർമ്മകളും മനസ്സിൽ അലയടിക്കുന്നു... വിരിയുന്നതിനു മുമ്പേ ഇറുത്തെടുക്കപ്പെട്ട ജീവിതം! എന്തുകൊണ്ടായിരിക്കാം മൊട്ടായിരിക്കുമ്പോൾത്തന്നെ ഇറുത്തെടുത്തത്? ഒരുപക്ഷേ, പൂ വിരിയാൻ അനുവദിച്ചാൽ പുഴുക്കുത്തേല്ക്കാൻ സാധ്യതയുണ്ട്; ഇതളുകൾ വിടർന്നു വരുമ്പോൾ ശക്തമായ മഴത്തുള്ളികൾ ആഞ്ഞുപതിച്ച് അത് നശിച്ചുപോയേക്കാം; അതുമല്ലെങ്കിൽ വിടർന്ന പൂവിനെ ആരെങ്കിലും ഇറുത്തെടുത്തെന്നും വരാം. ഒരു പുഴുക്കുത്തുപോലും ഏല്ക്കാത്ത സുന്ദരമായ പൂമൊട്ടായിരുന്നു ദൈവത്തിനാവശ്യം! അങ്ങനെ ദൈവത്തിന്റെ അൾത്താരയിൽ അതു സ്ഥാപിക്കപ്പെട്ടു.

ഒരു ചെമ്പരത്തിയുടെ പൂമൊട്ടുകൾ അൾത്താര അലങ്കരിക്കാനായി വച്ചത് ഓർമ്മ വരുന്നു. പരിശുദ്ധ കുർബാന ആരംഭിച്ചപ്പോൾ പൂമൊട്ടു വിരിഞ്ഞുതുടങ്ങി. ബലി അവസാനിച്ചപ്പോഴേക്കും പൂമൊട്ടുകൾ പൂർണ്ണമായി വിരിഞ്ഞുകഴിഞ്ഞിരുന്നു. കണ്ടവർക്കെല്ലാം കൗതുകമുണർത്തിയ ഒരു സംഭവമായിരുന്നു അത്. അതുപോലെ ഡീക്കൻ ജെറിൻ ഇന്ന് ദൈവത്തിന്റെ അൾത്താരയിൽ പൂർണ്ണമായി വിരിഞ്ഞുനില്ക്കുന്നത് മനസ്സിൽ കാണുന്നു. ഈശോയുടെ മടിയിലായിരുന്നുകൊണ്ട് നമുക്കായി ബ്രദർ ധാരാളം അനുഗ്രഹങ്ങൾ വാങ്ങിത്തരും എന്നു പ്രത്യാശിക്കാം.

ഡീക്കൻ ജെറിന്റെ ആകസ്മികമായ ഈ മരണം നമ്മെ ഓരോരുത്തരേയും ചിന്തിപ്പിക്കേണ്ടതല്ലേ? എപ്പോഴും ഒരുക്കമുള്ളവർ ആകേണ്ടതിന്റെ ആവശ്യകത അതു നമ്മെ ഓർമ്മിപ്പിക്കുന്നു. കേരളത്തിൽ അടുത്തകാലത്തുണ്ടായ ഉരുൾപൊട്ടലുകളും പേമാരിയും അതു തന്നെയല്ലേ ഓർമ്മിപ്പിക്കുന്നത്? പലപ്പോഴും ശവസംസ്കാരസമയത്ത് നാമും ഉറക്കെ പാടും 'ദൂതൻ പ്രാർത്ഥന കേട്ടില്ല, സമയം തെല്ലും തന്നില്ല' എന്ന്. പക്ഷേ എനിക്കോ നിങ്ങൾക്കോ അങ്ങനെയൊരവസരം വരില്ല എന്ന ചിന്തയോടെ നാം മുന്നോട്ടു പോകുന്നു. സ്ഥാനമാനങ്ങൾ, സമ്പത്ത്, ജോലി, കുടുംബം, മക്കൾ ഇവയ്ക്കെല്ലാം നാം അമിത പ്രാധാന്യം കൊടുക്കുന്നു. എന്നാൽ ഏറ്റം പ്രധാനപ്പെട്ട നിത്യജീവന്റെ കാര്യം നാം മറന്നു പോകുന്നു. ആത്മീയകാര്യങ്ങൾക്കായി എവിടെ സമയം!

പണ്ടു വായിച്ച ഒരു കഥ ഓർമ്മ വരുന്നു. ഒരു രാജാവിനു നാലു ഭാര്യമാർ ഉണ്ടായിരുന്നു. രാജാവ് ഏറ്റം സ്നേഹിച്ചിരുന്നത് ഒന്നാമത്തെയും രണ്ടാമത്തെയും ഭാര്യമാരെ ആയിരുന്നു. മൂന്നാമത്തെ ഭാര്യയെയും സ്നേഹിച്ചിരുന്നു, പരിഗണിച്ചിരുന്നു. എന്നാൽ നാലാമത്തെ ഭാര്യയെ അത്ര സ്നേഹിച്ചിരുന്നില്ല.

രാജാവിന് പെട്ടെന്ന് അസുഖമായി. മരണം അടുത്തെത്തി എന്നു മനസ്സിലായി തനിച്ചു മരണത്തിലേക്കു കടക്കാൻ അദ്ദേഹത്തിനു ഭയം. അദ്ദേഹം ചിന്തിച്ചു. താൻ ഏറ്റവുമധികം സ്നേഹിച്ച ഒന്നാമത്തെ ഭാര്യയോടു തന്നെ ചോദിക്കാം. 'തന്റെ കൂടെ വരുമോ' എന്ന് അയാൾ അവളോടു ചോദിച്ചു. ഭാര്യ പറഞ്ഞു: 'മരണം വരെ ഞാൻ കൂടെയുണ്ടാവും'. രണ്ടാമത്തെ ഭാര്യയോടു ചോദിച്ചു. അവൾ പറഞ്ഞു: 'എനിക്കു പറ്റില്ല. മരണം വരെ മാത്രം'! അയാൾ ചിന്തിച്ചു, ഇനി എന്തു ചെയ്യും! മൂന്നാമത്തെ ഭാര്യയോടും ആ ചോദ്യം ആവർത്തിച്ചു. അവൾ പറഞ്ഞു: 'എനിക്കു പറ്റില്ല. സിമിത്തേരി വരെ ഞാൻ കൂടെയുണ്ടാകും'. രാജാവിനു വിഷമമായി. അല്പം സങ്കടത്തോടെ നാലാമത്തെ ഭാര്യയോടും ചോദിച്ചു. ഒട്ടും സ്നേഹം കൊടുക്കാതിരുന്ന, പരിഗണിക്കാതിരുന്ന അവൾ പറഞ്ഞു: 'ഞാൻ വരാം'. രാജാവിനു സന്തോഷമായി.

ഈ കഥയിലെ നാലു ഭാര്യമാരും നമ്മിൽതന്നെ ഉണ്ട്. ആദ്യത്തെ ഭാര്യ നമ്മുടെ സ്ഥാനമാനങ്ങൾ ആണ്. സ്ഥാനമാനങ്ങൾ നഷ്ടപ്പെടുമെന്ന ഭയത്താൽ പീലാത്തോസ് ഈശോയെ കുരിശിൽ തറയ്ക്കാൻ വിട്ടുകൊടുക്കുന്നു. രണ്ടാമത്തെ ഭാര്യ സമ്പത്ത്, ഭൗതിക നേട്ടങ്ങൾ ഇവയൊക്കെയാണ്. സമ്പത്തിനുവേണ്ടി ഈശോയെ ഒറ്റിക്കൊടുക്കുന്ന യൂദാസിനെ നമുക്കോർക്കാം. മൂന്നാമത്തെ ഭാര്യ നമ്മുടെ കുടുംബാംഗങ്ങൾ, ബന്ധുമിത്രാദികൾ, സുഹൃത്തുക്കൾ ഒക്കെയാണ്. അവർക്കും സിമിത്തേരി വരെയേ പിന്തുടരാനാകൂ. നാലാമത്തെ ഭാര്യ നമ്മുടെ ആത്മാവാണ്. ആത്മാവിനു മാത്രമേ നമ്മെ അവസാനംവരെ പിന്തുടരാനാകൂ.

നാം ഏറ്റവും ശ്രദ്ധിക്കാത്തതും വില കൊടുക്കാത്തതും പലപ്പോഴും ആത്മാവിനാണ്; ആത്മീയ ജീവിതത്തിനാണ്. എന്തിനാണോ നമ്മുടെ ജീവിതത്തിൽ വില കൊടുക്കുന്നത് അതിലേക്കായിരിക്കും നമ്മുടെ ശ്രദ്ധയും പരിശ്രമവുമെല്ലാം. നമ്മുടെ ജീവിതത്തെ ഒന്നു വിലയിരുത്താം. ആത്മാവിനും ആത്മീയ കാര്യങ്ങൾക്കും കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് എപ്പോഴും ഒരുക്കമുള്ളവരായിരിക്കാൻ പരിശ്രമിക്കാം. നമ്മെ കൈ പിടിച്ചു നടത്താനായി പരിശുദ്ധ അമ്മയുടെ കരങ്ങളിൽ നമ്മെ ഭരമേല്പിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

# ഓർഡിനറിയിലെ യാത്ര

ഷിനി തെരേസ് മുതുപ്ലാക്കൽ


**കെ.** എസ്.ആർ.ടി.സി.യുടെ ഒരു ഓർഡിനറി ബസ്സിലായിരുന്നു അന്നത്തെ എന്റെ യാത്ര. യാത്രക്കാർ അധികമില്ല... ഞരങ്ങിയും മൂളിയും 'ശ്വാസം' എടുത്തുവലിച്ചുകൊണ്ടുമുള്ള ആ ബസ്സിന്റെ പോക്ക് മനസ്സിൽ അനിഷ്ടമുളവാക്കി. അപ്പോഴാണ് കെ.എസ്.ആർ.ടി.സി. യുടെതന്നെ ഒരു സൂപ്പർ ഫാസ്റ്റ് ഞങ്ങളിരുന്ന ബസ്സിനെ ഓവർ ടേക്ക് ചെയ്തുപോയത്. അധികം താമസിക്കാതെതന്നെ ഒരു ലിമിറ്റഡ് സ്റ്റോപ്പ് ബസ്സും പിന്നാലെ ഒരു ഫാസ്റ്റും ഞങ്ങളെ കടന്നുപോയി. കടന്നുപോയ ബസ്സുകളുടെ നീട്ടിയുള്ള ഹോൺ മുഴക്കൽ ഈ ബസ്സിനെ നോക്കിയുള്ള കൂവിയാർക്കൽ പോലെ...! അതിലിരുന്ന യാത്രക്കാരുടെ മുഖങ്ങളിലും ഒരു പരിഹാസച്ചിരിയുണ്ടായിരുന്നോ...

പെട്ടെന്നാണ് മനസ്സിലൊരു വീണ്ടുവിചാരമുണ്ടായത്. ഓർഡിനറിയിൽ കയറിയിരുന്നിട്ട്, സൂപ്പർ ഫാസ്റ്റിൽ ഓവർ ടേക്കു ചെയ്തു പോകുന്നവരോട് അസൂയപ്പെട്ടിട്ട് എന്തുകാര്യം? അവർ ടിക്കറ്റിന് കൂടുതൽ വില നല്കിയവരാണ്.

ആത്മീയജീവിതയാത്രയിലും ഇതു വളരെ പ്രസക്തമാണെന്നു തോന്നി. ആത്മീയവളർച്ചയ്ക്ക് 'വില' നല്കേണ്ടി വരും. ആത്മീയ കാര്യങ്ങൾക്ക് എന്തുമാത്രം വില നല്കുന്നുവോ അതനുസരിച്ചായിരിക്കും നമ്മുടെ ആത്മീയ വളർച്ചയും. നമുക്കു മുമ്പേ സഞ്ചരിച്ച് തിരുസ്സഭയിൽ വിശുദ്ധിയുടെ കിരീടം ചൂടിയവരും നമ്മുടെ സമകാലികരായ പല വിശുദ്ധാത്മാക്കളും നിത്യജീവന്റെ മൂല്യം തിരിച്ചറിഞ്ഞ് അതിനു വലിയ വില നല്കിയവരാണ്; ജീവിതത്തിൽ അനുഭവപ്പെട്ട, അനുഭവപ്പെടുന്ന ചെറുതും വലുതുമായ സഹനങ്ങളുടെ വില അറിഞ്ഞ്, കുരിശുകളെ പുൽകിയവരാണ്. "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" (ലൂക്കാ 9,23) എന്ന തിരുവചനം സ്വീകരിച്ചു ജീവിച്ചവരും ജീവിക്കുന്നവരുമാണവർ.

നമുക്കു വിലപ്പെട്ടതായി നാം കരുതുന്നതൊക്കെ ആത്മീയാഭിവൃദ്ധിക്കായി നാം ഉപേക്ഷിക്കേണ്ടി വരും. "എന്നെക്കാളധികം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല; എന്നെക്കാളധികം പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല" (മത്താ 10,37) എന്നാണ് ഗുരുമൊഴി. നമ്മുടെ കടമകളും കടപ്പാടുകളും മറന്നുകൊണ്ടുള്ള ഒരു യാത്രയല്ല ഇവിടെ വിവക്ഷിതം എന്ന് വ്യക്തമാണല്ലോ. "രണ്ട് യജമാനന്മാരെ സേവിക്കാൻ ആർക്കും സാധിക്കുകയില്ല; ഒന്നുകിൽ, ഒരുവനെ ദ്വേഷിക്കുകയും അപരനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ ഒരുവനെ ബഹുമാനിക്കുകയും അപരനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമോനെയും സേവിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല" (മത്താ 6,24) എന്ന മുന്നറിയിപ്പും അവിടുന്നു നല്കുന്നുണ്ട്.

ദൈവത്തെ ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്നവരാണെന്ന് അവകാശപ്പെടുമ്പോഴും ചില 'മാമോന'കളുടെ സേവകരായി നാം തീരുന്നുണ്ടോ എന്നു പരിശോധിക്കേണ്ടതുണ്ട്. നമ്മുടെ ജീവിതത്തിൽ 'മാമോൻ' ഉണ്ടെങ്കിൽ അത് എന്താണെന്ന് നാം സ്വയം കണ്ടെത്തണം. അതു സമ്പത്താകാം, സ്ഥാനമാനങ്ങളാകാം, സ്വാർത്ഥതയാകാം, അഹന്തയാകാം...



ജീവിതത്തിൽ നാം ഇങ്ങനെ എന്തിന്റെയെങ്കിലും അടിമയാണെങ്കിൽ അതു നമ്മുടെ മാമോനാണ്. അപ്പോൾ നാം സേവിക്കുന്നത് ദൈവത്തെയല്ല.

നമുക്കുണ്ടെന്നു നാം കരുതുന്നതെല്ലാം ദൈവദാനമാണെന്ന ബോധ്യമുണ്ടാവണം. എല്ലാറ്റിന്റെയും ഉടയവൻ തമ്പുരാനാണ്, നാം കാര്യസ്ഥർമാത്രമാണ് എന്ന തിരിച്ചറിവുണ്ടാകണം. അങ്ങനെ, നന്ദി നിറഞ്ഞ ഹൃദയത്തോടെ ജീവിക്കുകയും എല്ലാം ദൈവഹിതാനുസൃതം കൈകാര്യം ചെയ്യുകയും ചെയ്യുമ്പോൾ നാം ദൈവത്തെ സേവിക്കുന്നവരാകും.

യഥാർത്ഥ നിക്ഷേപം എന്താണെന്നു തിരിച്ചറിയുന്നവർ അതു സ്വന്തമാക്കാൻ എന്തു വിലയും നല്കും. സ്വർഗ്ഗത്തിലാണ് നിക്ഷേപമൊരുക്കേണ്ടതെന്നും നാം തേടുകയും നേടുകയും ചെയ്യേണ്ട നിധി സ്വർഗ്ഗരാജ്യമാണെന്നും തിരുവചസ്സുകൾ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്: "സ്വർഗ്ഗരാജ്യം, വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിക്കു തുല്യം. അതു കണ്ടെത്തുന്നവൻ അതു മറച്ചുവയ്ക്കുകയും സന്തോഷത്തോടെ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുകയും ചെയ്യുന്നു. വീണ്ടും, സ്വർഗ്ഗരാജ്യം നല്ല രത്നങ്ങൾ തേടുന്ന വ്യാപാരിക്കു തുല്യം. അവൻ വിലയേറിയ ഒരു രത്നം കണ്ടെത്തുമ്പോൾ പോയി, തനിക്കുള്ളതെല്ലാം വിറ്റ് അതു വാങ്ങുന്നു" (മത്താ 13,44-46).

"എന്റെ നാമത്തെപ്രതി ഭവനത്തെയോ സഹോദരന്മാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും; അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും" (മത്താ 19,29) എന്ന ഈശോയുടെ വാക്കുകൾ വരുംകാലത്തേക്കുള്ള നമ്മുടെ ഉറപ്പായി മാറണം.

വിലയുള്ളതിനാണ് വില നല്കേണ്ടത്.

വിലയുള്ളതാണ് സ്വന്തമാക്കേണ്ടത്.

വിലയുള്ളതെന്താണെന്നാണ് കണ്ടെത്തേണ്ടത്.

# സെനക്കിൾ തരംഗം

### സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ഏലിയാ-സ്ലീവാ-മൂശെക്കാലം ആരംഭിക്കുകയാണല്ലോ. കർത്താവിന്റെ രണ്ടാം ആഗമനവും അന്ത്യവിധിയുമൊക്കെയാണ് ഈ കാലത്തിലെ വിചിന്തന വിഷയങ്ങൾ. സെപ്റ്റംബർ 14-ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലത്തിന്റെ കേന്ദ്രബിന്ദു. ക്രിസ്തീയജീവിതം കുരിശെടുത്ത് ഈശോയെ അനുഗമിക്കുന്ന ജീവിതമാകയാൽ അത് സഹനത്തിലൂടെ മഹത്ത്വത്തിലേക്കു പ്രവേശിക്കുന്ന ജീവിതമാണ്. വരാനിരിക്കുന്ന മഹത്ത്വമാണ് സഹനങ്ങളെ നേരിടുവാനുള്ള ശക്തിയും പ്രത്യാശയും പകരുന്നത്. ക്രിസ്തീയജീവിതത്തിന്റെ ഈ അന്ത്യാത്മകസ്വഭാവം സഭയുടെ വചനശുശ്രൂഷയിൽ ധ്യാനവിഷയമാക്കുന്നതിൽ ഇന്ന് ഒത്തിരി കുറവ് അനുഭവപ്പെടുന്നുണ്ട്. അത് ക്രിസ്തീയജീവിതത്തെ സാരമായി ബാധിക്കുന്നുമുണ്ട്. ഈ കുറവു പരിഹരിച്ച് ക്രിസ്തീയജീവിതത്തെ അതിന്റെ തനിമയിൽ, ദിശാബോധമുള്ള ജീവിതമാക്കുവാൻ അജപാലനശുശ്രൂഷയിൽ നാം ശ്രദ്ധിക്കേണ്ടതുണ്ട്. അപ്രകാരമുള്ള ഒരജപാലനശുശ്രൂഷ നിർവഹിക്കുവാൻ നമുക്കു ശ്രമിക്കാം.
സ്നേഹാശംസകളോടെ,

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

### വാർത്തകൾ

സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ച് മാസംതോറും നടത്തുന്ന സെനക്കിൾ സമ്മേളനത്തിൽ സംബന്ധിക്കുവാൻ സാധിക്കാത്ത ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളായ ബഹു. വൈദികർ അവരായിരിക്കുന്നിടത്ത്, 'അപ്പസ്തോലിക് സൊഡാലെസ്' വൈദികരുടെ തുടർപരിശീലനത്തിനായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ തയ്യാറാക്കിയിരിക്കുന്ന പുസ്തകമുപയോഗിച്ച് ധ്യാനവും പ്രാർത്ഥനയും നടത്തണമെന്ന്, 2019 ജൂലൈ മാസത്തിൽ നടന്ന വാർഷികസമ്മേളനം തീരുമാനമെടുത്തു. സാധ്യമെങ്കിൽ അപ്രകാരം ധ്യാനവും പ്രാർത്ഥനയും നടത്തുമ്പോൾ അടുത്തുള്ള സെനക്കിൾ സ്നേഹിതരായ വൈദികരെ ക്ഷണിച്ച് അവരോടൊപ്പം അതു നടത്തുന്നത് നല്ലതാണെന്നും വാർഷികസമ്മേളനം അഭിപ്രായപ്പെട്ടു. അപ്രകാരം ചെയ്യുന്നത് 'അപ്പസ്തോലിക് സൊഡാലെസ്' ഇൻസ്റ്റിറ്റ്യൂട്ടിലെ ദൈവവിളിക്ക് സഹായകമാകുമെന്നും സമ്മേളനം വിലയിരുത്തി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# സാഹചര്യങ്ങളെ പഴിച്ച് നിഷ്ക്രിയരാകാതിരിക്കുക

നെവിൻ മങ്ങാട്ട്

വിശുദ്ധ മാക്സ്മില്യൻ കോൾബെ പോളണ്ടിലായിരുന്ന കാലം സുവിശേഷപ്രവർത്തനത്തിന് മാധ്യമമാക്കിയത് പത്രമാസികകളായിരുന്നു. 'ദ ലിറ്റിൽ ഡെയ്‌ലി' എന്ന ദിനപത്രവും, 'അമലോത്ഭവയുടെ യോദ്ധാവ്' എന്ന മാസികയും അദ്ദേഹം 'അമലോത്ഭവ നഗർ' എന്ന പേരുകൊടുത്ത് സജ്ജമാക്കിയ സ്ഥലത്തായിരുന്നു പ്രസിദ്ധീകരിച്ചിരുന്നത്. ഹിറ്റ്ലർ പോളണ്ട് ആക്രമിച്ച നാളിൽ 'അമലോത്ഭവ നഗർ' പട്ടാളം കൈയേറി. ആശ്രമവാസികൾ 800 പേരടങ്ങുന്ന ആശ്രമം, 7,50,000 കോപ്പികൾ പ്രതിമാസം പുറത്തിറങ്ങുന്ന 'അമലോത്ഭവയുടെ യോദ്ധാവ്' എന്ന മാസിക, 1,37,000 കോപ്പികളുള്ള ദിനപത്രം, 2,25,000 കോപ്പികളുള്ള വാരാന്ത്യപ്പതിപ്പ്. ഈ പദ്ധതികളെല്ലാം കണ്ണടച്ചുതുറക്കും മുമ്പ് നിലച്ച നിമിഷം. 1939 സെപ്തംബർ മാസം എല്ലാം അസ്തമിച്ചു. ജർമനിയിലെ 'ആംതിൻസ്' എന്ന സ്ഥലത്തേക്ക് ആശ്രമവാസികളും മറ്റു തടവുകാരുമായി 12,000 പേരെ നാടുകടത്തി. എന്തിനാണ് ഇങ്ങനെ ചെയ്തത് എന്നതിനവർക്ക് ഉത്തരം കണ്ടെത്താനായില്ല. 200 പേരടങ്ങുന്ന ഓരോ ചെറുകൂടാരങ്ങളിലായി അവരെ പാർപ്പിച്ചു.


ഈ സങ്കടക്കടലിനു നടുവിൽ, ഉത്തരമില്ലാത്ത ചോദ്യങ്ങൾക്കു നടുവിൽ കോൾബെ തന്റെ പുതിയ വിളിയും ദൗത്യവും ഈശോയുടെ കുരിശിൻ ചുവട്ടിലിരുന്ന് തെളിച്ചെടുക്കുകയായിരുന്നു. കാരാഗൃഹം 'അമലോത്ഭവ നഗർ' ആക്കുക. കൂടെയുണ്ടായിരുന്നവരിലൊരാൾ കളിമണ്ണു കുഴച്ച് മാതാവിന്റെ രൂപം ഉണ്ടാക്കി. അവർ ഒരുമിച്ച് ജപമാല ചൊല്ലി ദൈവകാരുണ്യത്തിലാശ്രയിച്ചു. അമലോത്ഭവ നാഥയുടെ മെഡലുകൾ തടവുകാർക്കു നൽകി. അവിടം പ്രാർത്ഥനാലയമാക്കി മാറ്റി. തൽക്കാലത്തേക്ക് അദ്ദേഹം മോചിതനായെങ്കിലും, 'അമലോത്ഭവ നഗർ' അഭയാർത്ഥി ക്യാമ്പാക്കി മാറ്റുക എന്നതായിരുന്നു ഗവൺമെന്റ് ഓർഡർ. തന്റെ സ്വപ്നം തകരുന്നു എന്ന ചിന്ത ഉള്ളിലുണ്ടായെങ്കിലും ദൈവഹിതത്തെ തമ്പുരാന്റെ ഹൃദയത്തോട് ചേർന്നിരുന്ന് അദ്ദേഹം കണ്ടെടുത്തു – അഭയാർത്ഥികളായ 3500 മക്കളെ പരിചരിക്കുക, അവരെ വിശുദ്ധീകരിക്കുക. തന്റെ സ്വപ്നക്കൂട് തകരുമ്പോഴും യാതൊരു പരിഭവവും കൂടാതെ, ദൈവത്തിന്റെ സ്വപ്നങ്ങളെ ഫലമണിയിക്കുവാൻ കോൾബെ അക്ഷീണം യത്നിച്ചുകൊണ്ടിരുന്നു.

പ്രിയമുള്ളവരേ, പലപ്പോഴും ഇഷ്ടപ്പെടുന്ന സാഹചര്യങ്ങൾ മാറുമ്പോൾ, നമ്മുടെ സ്വപ്നങ്ങൾ തകരുമ്പോൾ, സാഹചര്യങ്ങളെ പഴിച്ച്, വ്യക്തികളെ കുറ്റപ്പെടുത്തി നിമിഷങ്ങൾ തള്ളിനീക്കുന്നവരാണ് നാമെങ്കിൽ, ഇനി മുതൽ ഓരോ നിമിഷങ്ങളിലും ദൈവഹിതം തിരിച്ചറിഞ്ഞ്, ദൈവത്തിന്റെ സ്വപ്നത്തെ ഫലമണിയിക്കുവാൻ കൈകോർക്കാം. വി. ജോൺ 23-ാം പാപ്പയുടെ വാക്കുകൾ ഹൃദയത്തോടു ചേർത്തു വയ്ക്കാം. "നാം എവിടെയായിരിക്കാനാണോ ദൈവം തിരുമനസ്സായിരിക്കുന്നത് അവിടെ സ്നേഹിച്ച്, സ്നേഹം വിതച്ച്, സ്നേഹം കൊയ്ത്, വിശുദ്ധീകരിച്ച് വിശുദ്ധരാകാം".

# സ്ലീവാ:

## മഹത്ത്വത്തിന്റെ നാദവും കടപ്പാടുകളുടെ ഓർമ്മപ്പെടുത്തലും

**അനു കുരിശുമൂട്ടിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



"മരണശേഷം ഉയിർക്കുക എന്നതിന്റെ അർത്ഥം എന്താണെന്ന് അവർ പരസ്പരം ചോദിച്ചിരുന്നു" (മർക്കോ 9,9).

ഉടയവന്റെ ഉള്ളിന്റെ പൊരുളറിയാൻ പാടുപെടുന്ന മനുഷ്യചിത്രത്തിന് ഉല്പത്തിയോളം പഴക്കമുണ്ട്. മരത്തിന്റെ ഫലത്താൽ വീണ മനുഷ്യകുലത്തെ ഉയർത്താൻ സ്ലീവായാകുന്ന ജീവവൃക്ഷത്തിൽ കായ്ച്ച ജീവഫലമാണ് ഈശോമിശിഹാ. മാർ അപ്രേം പിതാവ് പറയുന്നതുപോലെ "ദൈവത്തിന്റെ വിജ്ഞാനം ദർശിക്കുക; വീണവന്റെ വീഴ്ചയിൽ അവനെ എഴുന്നേല്പിക്കാനുള്ളവനും അവനോടുകൂടി വീണു. ദൈവമാകാൻ ആദം ആഗ്രഹിച്ചു എന്ന് മഹോന്നതൻ അറിഞ്ഞു. അവന്റെ ആഗ്രഹം സാധിച്ചു കൊടുക്കാൻ അവിടുന്ന് തന്റെ പുത്രനെ അയയ്ക്കുകയും അവൻ മനുഷ്യനെ ധരിക്കുകയും ചെയ്തു" (നിസിബിയൻ ഗീതങ്ങൾ 69,13). പാപത്തിലൂടെ ഉരിഞ്ഞുകളഞ്ഞ ദൈവമഹത്ത്വം മനുഷ്യനെ ധരിപ്പിക്കുന്നതിനുവേണ്ടി അവനെ ഉയർത്തി ദൈവപിതാവിന്റെ തിരുമടിയിൽ എത്തിക്കാൻ ദൈവപുത്രൻ തിരഞ്ഞെടുത്ത ജീവിതശൈലിയാണ് സ്ലീവാ. സ്നേഹം അഗ്നിച്ചിറകുകൾ ധരിച്ച് അശുദ്ധിയെ നിർമ്മാർജ്ജനം ചെയ്യുവാൻ, ആദം വീണുപോയ എല്ലാ തലങ്ങളിലേക്കും താണിറങ്ങി! ഈശോയുടെ പദചലനങ്ങളിലോരോന്നിലും സ്ലീവായുടെ താളം മുഴങ്ങുന്നതു കേൾക്കാമായിരുന്നു. അതു ചിലപ്പോൾ തീവ്രവേദനയുടെ ചടുലതാളങ്ങളും ആർദ്രസ്നേഹത്തിന്റെ ഇമ്പമേളങ്ങളുമൊക്കെയായി രൂപാന്തരപ്പെടുന്നതുകാണാം. സ്ലീവായുടെ നിഴൽ പതിച്ചിടത്തെല്ലാം മഹത്ത്വത്തിന്റെ പ്രഭ തെളിയുന്നത് സുവിശേഷം സൂക്ഷ്മതയോടെ വിവരിക്കുന്നുണ്ട്. മിശിഹായാകുന്ന രക്ഷ തിരിച്ചറിഞ്ഞവർക്കെല്ലാം, അവനെ സ്വീകരിച്ചവർക്കെല്ലാം രക്ഷ കൈവന്നു. ദൈവ

ത്തോടു ചേർന്നിരിക്കുന്നതാണ് രക്ഷ... മഹത്ത്വത്തിന്റെ നിദാനം. മനുഷ്യനെ ദൈവത്തോട് ചേർത്തിരുത്തുവാൻ ശൂന്യതയുടെ പടികൾ ഓരോന്നായി താണിറങ്ങി ഈശോ വിജയം വരിച്ചു. ഈ വിജയത്തിന്റെ ആഘോഷമാണ് ക്രിസ്തീയജീവിതം: "നിനക്ക് സ്തുതിയുണ്ടായിരിക്കട്ടെ. നിന്റെ അർപ്പണത്താൽ നീ ഞങ്ങളുടെ അപമാനത്തിനു പരിഹാരം ചെയ്തു. എല്ലാ മൃതരെയും ഉയിർപ്പിക്കാനായി അവർക്കുവേണ്ടി നീ മൃതനായി" (നിസിബിയൻ ഗീതങ്ങൾ 67,1 കാനോന). "എല്ലാവർക്കും വേണ്ടി എല്ലാം സഹിക്കുകയും എല്ലാവരെയും ജീവിപ്പിക്കാനായി എല്ലാവർക്കുംവേണ്ടി മരണം ആസ്വദിക്കുകയും ചെയ്തവന് സ്തുതി!" (നിസിബിയൻ ഗീതങ്ങൾ 64,1).

സ്ലീവാ മഹത്ത്വത്തിന്റെയും വിജയത്തിന്റെയും ചിഹ്നമായി ഉയർന്നു നില്ക്കുമ്പോൾ സ്ലീവായാൽ മുദ്രകുത്തപ്പെട്ട ക്രൈസ്തവമക്കൾ തങ്ങളുടെ ഉള്ളിൽ ഉണർത്തേണ്ടത് നന്ദിയുടെ, കൃതജ്ഞതയുടെ ഭാവങ്ങളായിരിക്കണം. തങ്ങളുടെ ജീവനും ആത്മാവും ആരോട് എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്ന ഓർമ്മയാണ് നന്ദിയായി രൂപാന്തരപ്പെടുന്നത്: സ്ലീവായുടെ ഓരോ വഴികളിലും ധ്യാനനിമഗ്നരായി നിലകൊണ്ടുകൊണ്ട് ഈശോയെ ധ്യാനിക്കുമ്പോൾ മാർ അപ്രേമിന്റെ ചിന്തകൾ നമ്മെ ദൈവത്തിന്റെ അനന്തകാരുണ്യത്തിലേക്ക് ആഴ്ന്നിറങ്ങാൻ സഹായിക്കുന്നതാണ്: ''നമ്മുടെ കർത്താവ് തന്റെ ജീവദായകമായ മരണത്തിലൂടെ ആദത്തിനു (മനുഷ്യകുലത്തിനു) ജീവൻ നൽകാനായി തന്റെ ശക്തി താഴ്ത്തുകയും സ്വയം ഏല്പിച്ചുകൊടുക്കുകയും ചെയ്തു. പഴം പറിച്ച കരത്തിനു പകരം ആണികളാൽ തറയ്ക്കപ്പെടാൻ അവൻ തന്റെ കരങ്ങൾ നീട്ടി. ഏദനിൽ ഭക്ഷിച്ച വായ്ക്കു പകരം അവിടുന്ന് ന്യായവിസ്താരസ്ഥലത്തുവച്ച് കവിളത്ത് അടികൊണ്ടു. ആദത്തിന്റെ പാദം സ്വതന്ത്രമായിരുന്നെങ്കിൽ, അവിടുത്തെ പാദങ്ങൾ തുളയ്ക്കപ്പെട്ടു. നാം (മഹത്ത്വത്താൽ) വസ്ത്രാലംകൃതരാകാൻ നമ്മുടെ കർത്താവ് വിവസ്ത്രനാക്കപ്പെട്ടു. മനുഷ്യരെ കടിച്ച സർപ്പത്തിന്റെ വിഷം കയ്പും വിനാഗിരിയുംകൊണ്ട് അവിടന്ന് മധുരതരമാക്കി" (നിസിബിയൻ ഗീതങ്ങൾ 36,1).

കുരിശിന്റെ മഹത്ത്വത്തെ ധ്യാനിക്കുന്ന ആരാധനാവത്സരത്തിലെ ഏലിയാ-സ്ലീവാ, മൂശക്കാലം ചില ഓർമ്മപ്പെടുത്തലുകളുടെ, തിരിച്ചറിവുകളുടെ നേർക്കാഴ്ചയിലേക്ക് നമ്മെ നയിക്കേണ്ടതുണ്ട്. നന്ദി പ്രകാശിപ്പിക്കുവാനാവാത്ത വിധം അത്രയേറെ അനുഗ്രഹങ്ങളാണ് സ്ലീവായിലൂടെ - ഈശോമിശിഹായുടെ രക്ഷണീയ കർമ്മത്തിലൂടെ കൈവന്നിരിക്കുന്നത്. ഓരോ ശ്വാസോച്ഛ്വാസത്തിലും കർത്താവിനെ സ്തുതിക്കാൻ തക്കവിധം നമ്മുടെ ജീവിതം ദൈവത്തോട് കടപ്പെട്ടിരിക്കുന്നു. ദൈവത്തോടുള്ള കടം ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിച്ച് ശുശ്രൂഷിച്ച് വീട്ടാൻ ശേഷിച്ച ജീവിതം സമർപ്പിക്കാനുള്ള വിളിയാണ് ഓരോ പ്രഭാതത്തിലും ഉണരുമ്പോൾ നാം കേൾക്കേണ്ടത്.

സ്ലീവാ രക്ഷയുടെ ചിഹ്നമായി ഉയർന്നു നിൽക്കുന്നതുപോലെ സ്ലീവായാൽ മുദ്രവയ്ക്കപ്പെട്ടിരിക്കുന്ന നമ്മുടെ ജീവിതവും രക്ഷയുടെ സാന്നിധ്യമായി നമ്മുടെ സഹജർക്ക് അനുഭവവേദ്യമാകുന്നുണ്ടോ? നിരാശയിൽ പ്രത്യാശയായി, അസ്വസ്ഥതകളിൽ ആശ്വാസമായി, സംശയങ്ങളിൽ മറുപടിയായി, നമ്മുടെ ജീവിതം ഒരു പ്രകാശകിരണമായി പ്രത്യക്ഷപ്പെടുമ്പോൾ നാമും സ്ലീവായുടെ പാത പുണരുകയാണ്. സ്ലീവായുടെ മഹത്ത്വം ലോകത്തിന്റെ അതിർത്തിയോളം എത്തപ്പെടേണ്ടതിന് മിശിഹായുടെ കാലടികളിൽ പദമൂന്നി യാത്ര തുടരാം.

അതിനായി, മാർ അപ്രേമിന്റെ ഉപദേശങ്ങളെ ഹൃദയത്തിൽ സ്വീകരിക്കാം: "നിന്റെ നയനങ്ങളിൽ ശുദ്ധത ചിത്രീകരിക്കപ്പെടട്ടെ; നിന്റെ കാതുകളിൽ സത്യത്തിന്റെ ശബ്ദം മാറ്റൊലിക്കൊള്ളട്ടെ. ജീവന്റെ വചനത്താൽ നിന്റെ നാവ് മുദ്ര കുത്തപ്പെടട്ടെ; എല്ലാ ദാനധർമ്മങ്ങളും നിന്റെ കൈകളിൽ ഉണ്ടാകട്ടെ. രോഗീസന്ദർശനത്താൽ നിന്റെ പാദങ്ങൾ പതിയട്ടെ. നിന്റെ ഹൃദയത്തിൽ നിന്റെ നാഥന്റെ രൂപം ചിത്രീകരിക്കപ്പെടട്ടെ" (മാർ അപ്രേം, കന്യാത്വ ഗീതങ്ങൾ, 2,15).

# പ്രളയവും മാർക്കറ്റ് ചെയ്യപ്പെടുന്നു

**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
കാഞ്ഞിരപ്പള്ളി രൂപത

രണ്ടായിരത്തിപതിനെട്ടിലെ പ്രളയത്തിന്റെ വാർഷികം അനുസ്മരിക്കാൻ വീണ്ടും ഒരു പ്രളയത്തിലൂടെത്തന്നെ പ്രകൃതി നാടിനെ കൊണ്ടുപോവുകയാണ്. കുറേയേറെ ജീവനും ജീവിതവും കവർന്നെടുത്ത് പ്രകൃതി ക്ഷോഭിച്ചുനില്ക്കുമ്പോൾ ഒരിക്കൽക്കൂടി കേരളജനത ഒരേ മനസ്സോടെ കൈകോർക്കുകയാണ് ദുരന്തത്തിന്റെ വ്യാപ്തി കുറയ്ക്കുന്നതിന്. ദുരിതാശ്വാസപ്രവർത്തനങ്ങളുടെ പ്രചോദനാത്മകമായ നല്ല മാതൃകകൾ നിരവധിയാണ് ഇപ്രാവശ്യവും നമുക്കു മുമ്പിൽ ഉള്ളത്. മലയാളികളുടെ നിശ്ചയദാർഢ്യത്തെയും കൂട്ടായ്മയെയും ഒരിക്കൽക്കൂടി വെളിപ്പെടുത്താൻ ഈ പ്രളയകാലം ഇടയാക്കി.

എന്നാൽ ഒരു വിചാരണയുടെ ദൃഷ്ടിയിൽക്കൂടി നോക്കിയാൽ കണ്ണുടക്കുന്ന ചില കാഴ്ചകൾ ഈ പ്രളയം നമുക്കു മുമ്പിൽ വയ്ക്കുന്നുണ്ട്. കഴിഞ്ഞ വർഷത്തേതിൽനിന്നും വ്യത്യസ്തമായി പ്രളയം മാർക്കറ്റ് ചെയ്യപ്പെടുന്ന ഒരു രീതി ഇപ്പോൾ കണ്ടുവരുന്നു. ദുരിതാശ്വാസത്തിന് പല സംഘടനകളും രാഷ്ട്രീയപാർട്ടികളും മതസംഘടനകളുമൊക്കെ രാപകൽ അധ്വാനിക്കുന്നുണ്ട് എന്നതു സത്യമാണ്. എന്നാൽ ചിലരെങ്കിലും അതിനെ പ്രസ്ഥാനം വളർത്താനുള്ള അവസരമാക്കി മാറ്റുന്നുണ്ടോ എന്നു സംശയിക്കണം. അതുകൊണ്ടാണല്ലോ സ്വന്തം സംഘടനയുടെ പ്രവർത്തനങ്ങൾ ഫോട്ടോയും വീഡിയോയുമൊക്കെയാക്കി സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുമ്പോൾ, അതിൽ കാണപ്പെടുന്ന മറ്റു സംഘങ്ങളുടെ വസ്ത്രത്തിൽ എഴുതിച്ചേർത്തിരിക്കുന്ന സംഘടനയുടെ പേരുവരെ മായിച്ചുകളഞ്ഞ് അതു പ്രദർശിപ്പിക്കുന്നത്. കഴിഞ്ഞ വർഷം സോഷ്യൽ മീഡിയാ ഏറ്റവും കൂടുതൽ ഉപയോഗിച്ചത് ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഏകോപനത്തിനായിരുന്നെങ്കിൽ ഈ വർഷം അതിന്റെ ഫോക്കസ് സ്വന്തം പ്രസ്ഥാനത്തെ മാർക്കറ്റ് ചെയ്യുന്നതിലേക്കു മാറി. തങ്ങൾ ചെയ്യുന്ന പ്രവൃത്തികൾ പൊതുസമൂഹത്തെ അറിയിക്കുന്നത് തെറ്റൊന്നുമല്ല. എന്നാൽ തങ്ങളുടെ കൂടെ അതേ ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ ചവിട്ടിത്താഴ്ത്തി അവരുടെ തലയിൽ കയറിനിന്ന് വലിയവരാകാൻ ശ്രമിക്കുന്നത് അനുചിതമാണ്.

കഴിഞ്ഞ ദിവസം ക്രൈസ്തവസഭകളിലെ വിവിധ മേലദ്ധ്യക്ഷന്മാരും വൈദികരുമുൾപ്പെടെയുള്ളവരുടെ ഒരു ഫോട്ടോ, ദുരന്തമുഖത്ത് സെൽഫിയെടുക്കാൻ പോയവരെന്ന തരത്തിൽ സോഷ്യൽ മീഡിയായിൽ അവതരിപ്പിച്ചുകണ്ടു. കുരങ്ങന്റെ കയ്യിലെ പൂമാലപോലെയായിരിക്കുന്ന സോഷ്യൽ മീഡിയായിൽ അതു വരുന്നതിൽ അത്ഭുതമൊന്നുമില്ല. എന്നാൽ തികഞ്ഞ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കേണ്ട ഒരു മുഖ്യധാരാ മാധ്യമവും അത് ഏറ്റുപിടിക്കുന്നതു കണ്ടു. ദുരന്തസ്ഥലം സന്ദർശിച്ച പ്രമുഖ വ്യക്തികളുടെ എത്രയോ സെൽഫികളും ഫോട്ടോകളുമാണ് മാധ്യമങ്ങളിൽ ഓരോ ദിവസവും വന്നുകൊണ്ടിരിക്കുന്നത്. പക്ഷേ, അതിൽനിന്നു വ്യത്യസ്തമായി ക്രൈസ്തവമേലദ്ധ്യക്ഷന്മാരുടെയും വൈദികരുടെയും ഫോട്ടോ മാത്രമാണ് തെറ്റായവിധത്തിൽ അവതരിപ്പിക്കപ്പെട്ടത്. പ്രളയത്തിൽ അടിഞ്ഞുകൂടിയ വൃത്തികേടുകളെക്കാൾ ശോചനീയമായ അവസ്ഥയിൽ സ്വന്തം മനസ്സു സൂക്ഷിക്കുന്നവർക്കു മാത്രമേ ഇങ്ങനെയൊരു പ്രചരണം ആ ഫോട്ടോയ്ക്കു കൊടുക്കാൻ കഴിയൂ. മെത്രാന്മാരും അച്ചന്മാരും ദുരന്തഭൂമിയിലേക്കു ചെന്നത് പിക്നിക്കിന്റെ മൂഡിലാണെന്നു വരുത്തിത്തീർക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന ചിലരെങ്കിലുമുണ്ടെന്നുള്ളത് സത്യമാണ്. അതോടൊപ്പം ആ ഫോട്ടോ ഇപ്രകാരം വളരെ മോശമായ രീതിയിൽ പ്രചരിപ്പിക്കപ്പെട്ടപ്പോൾ അതിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയവരിൽ പലരും അവരുടെ 'മാതൃഭാഷ'യിൽ ചോദിച്ച ചോദ്യം സഭ്യമായ ഭാഷയി

ലേക്കു തർജ്ജമ ചെയ്താൽ, സഭ ഈ ദുരന്തമനുഭവിക്കുന്നവർക്കുവേണ്ടി എന്തു ചെയ്തു എന്നാണ്. പതിവുപോലെ മെത്രാന്മാരുടെ ആഡംബരക്കാറുകളും കൊട്ടാരങ്ങളും മൃഷ്ടാന്ന ഭോജ്യവുമൊക്കെ മേമ്പൊടിയായി ചേർത്തിട്ടുമുണ്ട്. വർഗീയതയുടെയും വിഭാഗീയതയുടെയും വെറുപ്പിന്റെയുമൊക്കെ കരിമ്പടങ്ങൾകൊണ്ട് കണ്ണുകെട്ടിയവർ ഉന്നയിക്കുന്ന ഈ ചോദ്യങ്ങൾ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയേണ്ടതാണെങ്കിലും അത് ഗൗനിക്കാതിരിക്കാൻ കഴിയില്ല. കാരണം, കള്ളങ്ങൾ ആവർത്തിച്ചുപറഞ്ഞ് അതിനെ സത്യമാക്കി മാറ്റിക്കൊണ്ടിരിക്കുന്ന സമകാലികസമൂഹത്തിൽ സത്യങ്ങൾ പലപ്പോഴും തമസ്കരിക്കപ്പെടുകയാണ്. മറ്റു പല പ്രസ്ഥാനങ്ങളും ചെയ്യുന്നതുപോലെ സഭ നല്കുന്ന സഹായപ്പൊതികളിലും ഭക്ഷണപദാർത്ഥങ്ങളിലും പേരെഴുതിയ ലേബലൊട്ടിച്ചല്ല കൊടുക്കുന്നത്. അതുകൊണ്ടുതന്നെ അതിന്റെ ഫോട്ടോയും പടവുമൊന്നും പലപ്പോഴും കാണുകയുമില്ല. മാത്രമല്ല, ഇതുപോലെയുള്ള ചോദ്യങ്ങളും വിമർശനങ്ങളുമൊന്നും ശ്രദ്ധിക്കാൻ ദുരിതാശ്വാസപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവർക്കു സമയവുമില്ല.

അതോടൊപ്പം മറ്റൊരു കാര്യംകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. എത്രയോ മതനേതാക്കന്മാരുടെയും സാമൂഹികനേതാക്കന്മാരുടെയും രാഷ്ട്രീയനേതാക്കന്മാരുടെയും സെൽഫികളും ഫോട്ടോകളുമാണ് പ്രളയപശ്ചാത്തലത്തിൽ പുറത്തുവന്നിട്ടുള്ളത്. എന്നിട്ടുമെന്തേ ക്രൈസ്തവമേലദ്ധ്യക്ഷന്മാരുടെ ഫോട്ടോമാത്രം വിമർശനത്തിനു വിധേയമാകുന്നു എന്നുള്ളതിന് രണ്ടുത്തരങ്ങളാണുള്ളത്. ഒന്നാമതായി അങ്ങനെയൊരു ഫോട്ടോവച്ച് ട്രോൾ ഉണ്ടാക്കിയാൽ അതു ക്രൈസ്തവർതന്നെ പ്രചരിപ്പിച്ചുകൊള്ളും എന്ന് അതുണ്ടാക്കിയവർക്കറിയാം. രണ്ടാമതായി വേറെ ഏതെങ്കിലും മതമേലദ്ധ്യക്ഷന്മാരെ അപമാനിക്കുന്ന വിധത്തിൽ ട്രോളുണ്ടാക്കിയാൽ ചിലപ്പോൾ കയ്യും തലയും കണ്ടെന്നുവരില്ല. അത്രയേയുള്ളു കാര്യങ്ങൾ.

ഏതായാലും സ്വന്തം പ്രസ്ഥാനത്തെ വളർത്താനും മറ്റു പ്രസ്ഥാനങ്ങളെ കരിവാരിത്തേക്കാനുമുള്ള മത്സരഭൂമിയായി പ്രളയബാധിതപ്രദേശങ്ങളെ ചിലരെങ്കിലും മാറ്റുന്നുണ്ട് എന്നുള്ളത് നാം കാണാതിരുന്നു കൂടാ. പ്രളയം കശക്കിയെറിഞ്ഞ നാടുകളിൽ ഇത്തരക്കാരുടെ തിന്മ നിറഞ്ഞ പ്രവൃത്തികൾക്കിടയിലും നന്മ നിറഞ്ഞ മനുഷ്യർ ഇപ്പോഴും ഊണും ഉറക്കവുമൊഴിഞ്ഞ് നിസ്വാർത്ഥമായ ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു എന്നതുമാത്രം പ്രതീക്ഷയുടെ പൊൻവെട്ടമായി തെളിഞ്ഞുനില്ക്കുന്നു.



# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



**ജിൻസി കടുപ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം:**
കർത്താവിന്റെ സന്നിധിയിൽ കൃപ കണ്ടെത്തിയ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.
കർത്താവിന്റെ സന്നിധിയിൽ കൃപ കണ്ടെത്തിയ പരിശുദ്ധ അമ്മേ, നിന്നെപ്പോലെ ഓരോ നിമിഷവും തിരുസാന്നിദ്ധ്യാനുഭവത്തിലായിരിക്കാനും തമ്പുരാന്റെ കൃപയിൽ ആശ്രയിച്ചു ജീവിക്കുവാനും വേണ്ട കൃപാവരത്തിനായി നിന്റെ തിരുക്കുമാരന്റെ മുമ്പിൽ ഞങ്ങൾക്കായി അമ്മ മാദ്ധ്യസ്ഥ്യം വഹിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**
വചനമായ ഈശോയെ സ്വീകരിച്ച് മറ്റുള്ളവർക്കു കൊടുത്ത പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.
വചനം സ്വീകരിച്ച പരിശുദ്ധ അമ്മേ, ഈശോയെ കൊടുക്കുവാൻ അമ്മ തിടുക്കത്തിൽ യാത്രയായതുപോലെ, അനുഭവിച്ചറിഞ്ഞ ദൈവത്തെ, കണ്ടുമുട്ടുന്നവർക്കെല്ലാം പകർന്നുകൊടുക്കുവാൻ വേണ്ട കൃപാവരത്തിനായി ഞങ്ങൾക്കുവേണ്ടി അമ്മ മാദ്ധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**
ആഴമേറിയ വിശ്വാസത്തോടെ എന്നും ജീവിച്ച പരിശുദ്ധ മറിയത്തെ നമുക്കു ധ്യാനിക്കാം.
ആഴമായ വിശ്വാസത്തിന്റെ ഉടമയായ പരിശുദ്ധ അമ്മേ, ജീവിതത്തിലെ പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെയും മധ്യത്തിൽ ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിൽ നിലനില്ക്കുവാനും അങ്ങയെപ്പോലെ ദൈവത്തെ സ്തുതിക്കുവാനുമുള്ള കൃപയ്ക്കായി അമ്മ മാദ്ധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**
വേദനകളെ സ്നേഹത്തോടെ സ്വീകരിച്ച പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.
സഹനാനുഭവങ്ങളെ ശാന്തതയോടെ സ്വീകരിച്ച പരിശുദ്ധ അമ്മേ, വിശ്വാസജീവിതത്തിനായി പീഡയനുഭവിക്കേണ്ടി വരുമ്പോൾ, കുരിശിൻ ചുവട്ടിൽനിന്ന് പുത്രനോടൊപ്പം ബലിയർപ്പണത്തിൽ പങ്കെടുത്ത അങ്ങയെപ്പോലെ, വിശ്വാസത്തോടും സ്നേഹത്തോടുംകൂടെ അവ സ്വീകരിക്കാനുള്ള കൃപയ്ക്കായി അമ്മ മാദ്ധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**
ഓരോ നിമിഷവും ദൈവഹിതം പൂർത്തിയാക്കിയ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.
ഓരോ നിമിഷവും ദൈവഹിതം പൂർത്തിയാക്കിയ പരിശുദ്ധ അമ്മേ, ഏതു ജീവിതാനുഭവങ്ങളിലും ദൈവഹിതം കണ്ടെത്തി, ദൈവത്തോടു ചേർന്നുനില്ക്കാനുള്ള കൃപാവരത്തിനായി അമ്മ മാദ്ധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



കർത്താവ് എപ്പോഴും എന്റെ
വലത്തുഭാഗത്തുള്ളതിനാൽ
ഞാൻ കുലുങ്ങുകയില്ല.
അതിനാൽ, എന്റെ ഹൃദയം സന്തോഷിക്കുകയും
അന്തരംഗം ആനന്ദംകൊള്ളുകയും ചെയ്യുന്നു.
എന്റെ ശരീരം സുരക്ഷിതമായി വിശ്രമിക്കുന്നു.
(സങ്കീ 16,8-9)

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th August 2019

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ,
സ്വർഗ്ഗീയ ഓർശ്ലേമിനെ ലക്ഷ്യംവച്ചുള്ള
ഞങ്ങളുടെ പ്രയാണത്തിന്റെ അന്ത്യത്തിൽ
സ്വർഗ്ഗീയ മഹത്ത്വത്തിലേക്ക് ഞങ്ങളെ
ആനയിക്കുവാൻ വരുന്ന മിശിഹായേ,
ഈ ലക്ഷ്യത്തിൽനിന്നും വ്യതിചലിക്കാതെ
നിന്റെ മക്കളായ ഞങ്ങളെ സംരക്ഷിക്കണമേ.
അങ്ങനെ അവസാന വിധിദിവസത്തിൽ
ഞങ്ങളെല്ലാവരുമൊരുമിച്ച്
നിന്നെ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്നു പാടിപ്പുകഴ്ത്തുവാൻ ഇടയാക്കണമേ."
(ഏലിയാസ്ലീവാക്കാലം, ശനി - എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O.,
Kottayam - 686 018, Printed at WiGi Printers, Manganam P.O.,
Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published
at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.
Editor : Fr. Mathew Vellanickal